# നിത്യചൈതന്യം

Issue-4, September 2017

## ജീവിതത്തിന്റെ നൂൽപ്പാലത്തിലിരുന്ന്
## നഗരം തൂവൽപൊഴിക്കുന്നു



ഓണാശംസകൾ

ഒരു നായർ വെൽഫെയർ അസ്സോസിയേഷൻ (രജി.), ഡോംബിവ്ലി പ്രസിദ്ധീകരണം

## NWA GOVERNING COUNCIL



**SHRI KONDATH VENUGOPAL**
President



**SHRI M. B. SURENDRAN NAIR**
Vice President



**SHRI MADHU BALAKRISHNAN**
General Secretary



**SHRI EK MANMADHAN NAIR**
Treasurer



**SHRI GOPINATHAN NAIR**
Jt. Secretary



**SHRI RAMDAS MENON**
Jt. Secretary

## NWA GC MEMBERS



SHRI MURALI NAIR



SHRI MANI T NAIR



SHRI VINAY NAIR



SHRI G. VENUGOPALAN



SHRI PRASAD V PILLAI



SHRI SUNIL PRASAD



SHRI UNNIKRISHNAN NAIR



SHRI B. JAYAKUMAR



SHRI V MURALIDHARAN NAIR



SHRI MOHANACHANDRAN



SHRI SURESH BABU



SHRI MS MENON



SHRI MANIKANDAN ORAMBATH



SHRI GOPALAKRISHNAPILLAI



SHRI K. RAMDAS NAIR

## INTERNAL AUDITORS



SHRI SUNNY NAIR



SHRI SUNIL NAIR



**BHARATHA KESARI MANNATHU PADMANABHAN**
**02/01/1878 - 25/02/1970**
**Founder, Nair Service Society (NSS)**

---

**NAIR WELFARE ASSOCIATION (REGD.), DOMBIVLI**
**(Regd No. MAH/2210/TNA)**
**G 2/3, Nav Deepti CHS Ltd., Opp: Madhavi School, Off: Rajaji Path, Dombivli (East) 421 201.**
**Tel: 0251 2432254 E-mail: nwa.nair@gmail.com**
**www.nwadombivili.com**

---

With best compliments from...

POWERICA

A PROMISE FOR POWER

Cummins Power Generation

**LEADING AUTHORISED GOEM OF CUMMINS INDIA LTD**

DEPENDABLE • ECONOMICAL • ECO FRIENDLY

# A promise for power

# SILENT DIESEL GENSETS

## 7.5kva to 3000kva




2/3, Abhiman I, Teen Hath Naka,
Next to RTO Trafic office, Naupada,
Thane (West) 400602. T +91 22 25411483

POWERICA LIMITED
ALL INDIA OFFICES & SERVICE CENTERS
Factories: Silvassa | Bangalore | Chennai

Registered & Cor. Mktg. Office : 9th Floor, Bakhtawar, Nariman Point, Mum.- 21. T: 022- 66562525

atp@powericaltd.com www.powericaltd.com SMS Cummins to 58888

Kalyan Dombivli Municipal Corporation
Office : (0251) 2207790
Residence : (0251) 2329694
Fax : (0251) 2205858
Email : commissionerkdmc@gmail.com
Website : www.kdmc.gov.in

**P. Velrasu, I.A.S.**
**Commissioner**

Address : Shankarrao Chowk, Kalyan (West), Dist. - Thane, Pin. - 421 301.



## MESSAGE

I am glad and delighted to know that Nair Welfare Association is celebrating 29 years of social service on the auspicious occasion Onam on 17th September, 2017. Onam is celebrated with great enthusiasm and unitedly amongst the people, stretching beyond geographical boundaries and known for its generosity and bringing prosperity.

On this pious day, important harvest festival of Kerala, I congratulate to the Nair Welfare Association, its members and the citizens of Kalyan-Dombivli.

It's a great feat and achievements by the association to work and contribute for the betterments of the society. With a sense of responsibility, the association is organising events with a larger public interest in the field of medical awareness and campaigns, Education and socio-cultural activities.

I congratulate for an honest effort for bringing people together and showcasing rich culture and traditions of Kerala.

Best wishes for happy Onam and the event

( P. Velrasu )

To
The President
Nair Welfare Association,
Dombivli.


BHARATIYA JANATA PARTY
South Cell, (Kerala) Dombivli
WITH BEST COMPLIMENTS
Shri Nandu Joshi
Shri Rajan Samant
Shri Ravindra Chavan
Hon. Minister of State
SHRI MOHAN NAIR




## സന്ദേശങ്ങൾ


കെ. വേണുഗോപാൽ
അദ്ധ്യക്ഷൻ 6

മധു ബാലകൃഷ്ണൻ
ജനറൽ സെക്രട്ടറി 7


## എഡിറ്റോറിയൽ


രവീന്ദ്രനാഥ് സി.
പ്രകാശൻ കെ. പി. 11


## ലേഖനങ്ങൾ


അരങ്ങിലെ മുഖശ്രീ
ടി.കെ.ജോൺ വിടവാങ്ങി
സുബ്രഹ്മണ്യൻ അമ്പാടി
വൈക്കം 13

കൃഷ്ണസ്തു ഭഗവാൻ സ്വയം
രാധാകൃഷ്ണൻ
കാക്കശ്ശേരി 17

ഭയം
ഗോപൻ 33

Aryan Pillai 35 Meghana M. Nair 57


## കവിതകൾ


20 പവിത്രൻ കണ്ണപുരം .
23 സി പി ഉണ്ണികൃഷ്ണൻ മുള്ളുണ്ട്
26 കഴക്കൂട്ടം മോഹനചന്ദ്രൻ നായർ
34 ഇ. ഹരീന്ദ്രനാഥ്
36 ഗോപാലകൃഷ്ണൻ നായർ നാഗംകുളങ്ങര
40 ആനന്ദവല്ലി ചന്ദ്രൻ
40 രാജൻ കിണറ്റിൻകര
46 നിരണം കരുണാകരൻ
48 ഷീല എസ്. മേനോൻ
49 സുരേഷ് നായർ
49 കെ.ജി.കെ. നായർ, തിരുനാഗംകുളങ്ങര
51 എരുമക്കുഴി കൊച്ചുകുഞ്ഞുപിള്ള
55 ടാഗോർ - ജി. വിശ്വനാഥൻ
58 വി. മുരളീധരൻ നായർ


## കഥകൾ


25 ധനലക്ഷ്മി പ്രവീൺ കുറുപ്പ്
29 ലക്ഷ്മി കുറുപ്പ്
37 കെ.പി. നായർ
53 മോഹൻ സി. നായർ
59 സതിദേവി വാര്യർ

NWA Award Winners 64



*Nithyachaithanyam*
*A team work of NWA Cultural committee.*

*Magazine Concept & Title:* ***CK Ramesh***
*Design, Layout & Visuals:* ***Santosh Pallassana***
*Printed at:* ***Royal Graphics (Mr. P V. Vasudevan)***





പ്രിയരേ,

നായർ വെൽഫെയർ അസോസിയേഷന്റെ “നിത്യ ചൈതന്യം” എന്ന ഈ പ്രസിദ്ധീകരണത്തിന്റെ നാലാം ലക്കം നീങ്ങൾക്കായി സമർപ്പിക്കുന്നു. ഈ ലക്കം പ്രസിദ്ധീകരണത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടി ഞങ്ങളോട് സഹകരിക്കുകയും, ഞങ്ങളെ സഹായിക്കുകയും ചെയ്ത എല്ലാവർക്കും പ്രത്യേക നന്ദി.

സംഘടനയുടെ അംഗങ്ങളുടെയും, മറ്റു അഭ്യുദയകാംക്ഷികളുടെയും നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും, അവരുടെ ആഗ്രഹങ്ങളും, ആവശ്യങ്ങളും കഴിയും വിധം പരിഗണിച്ചും, അവരെ ഒപ്പം നിർത്തി ചിട്ടയോടുകൂടിയുള്ള ഭരണ സമിതിയുടെ പ്രവർത്തനരീതി എടുത്ത് പറയേണ്ടതുതന്നെ. ഈ പ്രവർത്തനശൈലി സംഘടനയുടെ മുന്നോട്ടുള്ള എല്ലാ പുരോഗമനങ്ങൾക്കും വളരെയേറെ പ്രയോജനപ്പെടും എന്ന് തന്നെയാണ് ഞങ്ങളുടെ വിശ്വാസം.

തീർച്ചയായും, അംഗങ്ങൾതന്നെയാണ് ഏതൊരു സംഘടനയുടെയും നിലനില്പിന്റെയും, വളർച്ചയുടെയും മുഖ്യഘടകം, അതുകൊണ്ടുതന്നെ NWA അംഗങ്ങൾ സംഘടനക്ക് നൽകിവരുന്ന സഹായങ്ങൾക്കും, ഭരണ സമിതിക്കു നൽകിവരുന്ന അകമഴിഞ്ഞ സഹകരണത്തിനും എത്ര നന്ദി പറഞ്ഞാലും മതിയാകില്ല. അതുതന്നെയാണ് നമ്മുടെ സംഘടനയുടെ ശക്തിയും, അഭിമാനവും, ഭരണ സമിതിക്കു നിങ്ങളിൽ നിന്നും ലഭിക്കുന്ന പ്രോത്സാഹനവും, ഉത്തേജനവും. അത് വേണ്ടുവോളം ഇനിയും പ്രതിക്ഷിച്ചുകൊണ്ട് സംഘടനയിലെ അംഗങ്ങൾക്കും, കുടുംബാംഗങ്ങൾക്കും, മുംബൈയിലെ എല്ലാ മലയാളികൾക്കും ഓണാശംസകൾ നേരുന്നു.



**കെ. വേണുഗോപാൽ**
അദ്ധ്യക്ഷൻ







പ്രിയരേ,

നായർ വെൽഫെയർ അസ്സോസിയേഷന് [NWA] ഡോംബിവലിയുടെ 'നിത്യ ചൈതന്യം' എന്ന പ്രസിദ്ധീകരണത്തിന്റെ മറ്റൊരു ലക്കം നിങ്ങളോരോരുത്തരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ഉൾക്കോണ്ട് കാലാനുസൃതമായ മാറ്റങ്ങളോടെ സമർപ്പിക്കുകയാണ്....

കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന സംഘടനയുടെ പ്രസിദ്ധീകരണം നമ്മുടെ കലാസൃഷ്ടികളും, വാർത്തകളും, വർത്തമാനങ്ങളും പങ്കുവയ്ക്കുവാനുള്ള ഒരു മാധ്യമമായി ഇതിനോടൊപ്പം മുംബൈ പ്രസിദ്ധീകരണ രംഗത്ത് ശ്രദ്ധിക്കപ്പെട്ടു കഴിഞ്ഞു എന്നുപറയുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഈ പ്രസിദ്ധികരണത്തിനു മാത്രമല്ല, സംഘടനക്കും, സംഘടനയുടെ പ്രവർത്തന മേഖലക്കും ഇനിയും ഏറെ മുന്നേറേണ്ടതായുണ്ട്. ആ സാക്ഷാത്ക്കാരത്തിനുവേണ്ടി സാമ്പത്തിക പരിധി, സമയപരിധി, അംഗപരിമിതി ഇവയെല്ലാം മറികടന്നു പുതിയ ത ലങ്ങൾ തേടി നമുക്ക് ഒറ്റക്കെട്ടായി ഇതുപോലെ മുന്നേറാം..... സംഘടനയുടെ മുന്നേറ്റത്തിനായി...

മുംബൈയിലെ എല്ലാ മലയാളികൾക്കും, സമ്പത്തിന്റെയും, സമൃദ്ധിയുടെയും സാഹോദര്യത്തിന്റെയും നല്ല നാളുകൾ ആശംസിച്ചും, നിങ്ങൾ നൽകിവരുന്ന അതിർവരമ്പുകളില്ലാത്ത നിസ്സീമമായ സഹകരണത്തിന് കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടും.



**സ്നേഹപൂർവ്വം**

**മധു ബാലകൃഷ്ണൻ**
ജനറൽ സെക്രട്ടറി




102+
100% natural product
TEST OF TRUST
FROM GOD'S OWN COUNTRY
BencO
COCONUT OIL
Purity in every drop
COOKING OIL
Akbar Group
Benco Healthy & Tasty has been passed through more than 102 tests. It meets all purity and safety standards and clears all pesticides & harmful chemical norms set by FSSAI, Govt. of India to ensure that your food is safe, pure and healthy.
Benco Healthy & Tasty Oil is enriched with Vitamin A, D & E and gives your family Jeene Ki Nayi Urja
भारत सरकार
एगमार्क
GOVERNMENT OF INDIA
benco organic
BENZY FOOD & BEVERAGES PVT. LTD
Regd. Office : 1 Floor, M.J. Phule Market, Mumbai - 400 001 | Tel: +91 22 2346 4444 / +91 9619084444
Factory : Ponnani South, Malappuram, Kerala - 679 586. | Tel: +91 494 2664444 / 2663652
Email : info@benzyfoods.com | www.benzyfoods.com
Available at
amazon.in
Benco Coconut Oil
Available at : Abba South Indian Stores, Sanpada (022 27883344) | Kerala Stores, Kandivali (9819099234)
CASCO Enterprises, Sanpada ( 0250 27893111) | Tony South India Stores, IIT Main Gate (022 69917198)
Shan Tapioca Products, Pune (9823038016) Inquiries are also solicited from more distributors of above products all over India

With Best Wishes From

**Shyju Nair**



# STEEL FABRICATORS

MANUFACTURERS OF:

**Equipments for Chemical, Pharmaceutical & Engineering Industries**

Office & Works: Behind Lalit Weigh Bridge, Mhatre Nagar,
Manpada, Dombivli (East), Dist. Thane-421 204
email id: nsteelfabricators@gmail.com

Phone: 2872569
Telefax: 2870192




# നിത്യചൈതന്യം
Issue 2-September 2015


## എഡിറ്റോറിയൽ













പ്രിയപ്പെട്ടവരേ,

നിത്യചൈതന്യത്തിന്റെ നാലാം ലക്കം നിങ്ങൾക്കായി സമർപ്പിക്കട്ടെ. നല്ലവരായ സഹൃദയ സുഹൃത്തുക്കളുടേയും പരസ്യദാതാക്കളുടേയും അളവില്ലാത്ത സ്നേഹവും സഹകരണവും പ്രോത്സാഹനവും ഞങ്ങൾക്കു ലഭിച്ചു. അതുകൊണ്ടാണ് ഈ സംരംഭം ഈ നാലാം ലക്കത്തിൽ എത്തിനിൽക്കുന്നത്. നഗരജീവിതത്തിന്റെ തിരക്കുകൾക്കിടയിലും അക്ഷരങ്ങൾക്കുവേണ്ടി, നല്ലൊരു സാഹിതീയ ജീവിതത്തിനുവേണ്ടി കൊതിക്കുന്ന ഒരുകൂട്ടം എഴുത്തുകാരുടെയും എഡിറ്റർമാരുടെയും കൂട്ടായ്മയുടെ മാധുര്യമാണ് ഈ 'നിത്യചൈതന്യം'. അതോടൊപ്പം ഈ സ്നേഹോപഹാരം നിങ്ങൾക്കുമുന്നിൽ ഈവിധം ചിട്ടപ്പെടുത്താനായി സാമ്പത്തിക സഹായങ്ങൾ നൽകിപ്പോരുന്ന പരസ്യദാതാക്കളെ ഞങ്ങൾക്ക് ഒരിക്കലും മറക്കുവാൻ കഴിയില്ല. നിത്യ ചൈതന്യത്തിന്റെ മറ്റു ലക്കങ്ങൾ പോലെതന്നെ ഈ ലക്കവും നിങ്ങൾക്ക് ഏറെ ആസ്വാദ്യകരമാവുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. നമ്മുടെ കുട്ടികളിലെ കലാ-സാംസ്കാരിക സിദ്ധികൾ വളർത്തിയെടുക്കുവാൻ നമ്മുടെ കലാസാംസ്കാരിക വിഭാഗം സദാ ബദ്ധശ്രദ്ധമാണ്. നമ്മുടെ സംഘടനയുടെ വേദികളിൽ മാത്രമല്ല മുംബൈയിലെ മറ്റനേകം വേദികളിലും അവരവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കാനും നമ്മൾ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. കഴിഞ്ഞ വർഷം നടന്ന മാതൃഭൂമി കലോത്സവത്തിൽ നോർത്ത് സോണിൽ നമ്മുടെ സംഘടന രണ്ടാം സ്ഥാനം നേടിയെന്നത് നിങ്ങൾ ഏവർക്കും അറിവുള്ളതാണല്ലോ. കലോത്സവത്തിന്റെ ഫൈനലിലും നമ്മുടെ കുട്ടികൾ അവരവരുടെ മികവ് തെളിയിക്കുകയുണ്ടായി. നമ്മൾ ഒത്തൊരുമിച്ച് പ്രവർത്തിച്ചതിന്റെ നന്മയും സന്തോഷവും നമ്മൾക്ക് ലഭിച്ചു. ഈ വിജയത്തിനായി തോളോടു തോൾ ചേർന്ന് പ്രവർത്തിച്ച എല്ലാ സഹൃദയ സുഹൃത്തുക്കളോടും ഞങ്ങളുടെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

നിത്യചൈതന്യത്തിന്റെ ഈ ലക്കം നൽകുന്ന വായനാനുഭവം വൈകാതെ ഞങ്ങളുമായി പങ്കുവയ്ക്കണമെന്ന് അഭ്യർത്ഥനയോടെ നിർത്തട്ടെ.

സ്നേഹാദരങ്ങളോടെ

**രവീന്ദ്രനാഥ് സി.**
**പ്രകാശൻ കെ. പി.**

**Sanjay Kolge**
**Partner**
**9967400550**



# S.K. AGENCY
(Custom Broker (CHA. No. AANFS5040DCH001)

# S.K. FORWARDERS
(Seafreight / Airfreight Forwarders)

Head Office: A-445, Balaji Bhavan, Plot No. 42A,
Sector 11, Sakal Marg, CBD-Belapur, Navi Mumbai-400 614
Tel.: 4341 1901 - 99   Fax: 2269 0256
Email: sanjay@sk-agency.com
www.sk-agency.com

## ഓർമ്മ



സുബ്രഹ്മണ്യൻ അമ്പാടി
വൈക്കം

# അരങ്ങിലെ മുഖശ്രീ ടി.കെ.ജോൺ വിടവാങ്ങി

"നാടകം തന്നെയാണ് എനിക്കു ജീവിതം. കാരണം നമ്മുടെ സ്വപ്നങ്ങൾ, വിചാരങ്ങൾ, വികാരങ്ങൾ, സന്തോഷവും സങ്കടവും ജനങ്ങളുമായി പങ്കുവെയ്ക്കുവാൻ നല്ല മാദ്ധ്യമം നാടകമാണ്." 11.06.2016 ൽ അന്തരിച്ച മലയാള നാടകവേദിയിലെ നിത്യഹരിതനായകനും, സംവിധായകനുമായിരുന്ന ടി.കെ ജോൺ മാളവികയുടെ വാക്കുകൾ.

വൈക്കം, തുരുത്തിക്കരവീട്ടിൽ കുര്യൻ കുട്ടിയമ്മ ദമ്പതികളുടെ മകനായി 1938 ൽ ജനനം. വിദ്യാഭ്യാസത്തോടൊപ്പം സംഗീതത്തിലും, അഭിനയത്തിലും ജന്മസിദ്ധമായിക്കിട്ടിയ കഴിവുകൾ. വൈക്കം ഫൊറോനപള്ളിയിലെ ഗായകസംഘത്തിൽ പാടിക്കൊണ്ട് തുടക്കം കുറിച്ചു. മൃദംഗത്തിലും തബലയിലും പ്രാവീണ്യം നേടി. പള്ളിയിലെ സൊളിഡാരിറ്റി എന്ന സംഘടനഅവതരിപ്പിച്ച നാടകത്തിൽ കപ്യാരുടെ വേഷത്തിൽ അഭിനയിച്ചുകൊണ്ട് ആദ്യമായി അരങ്ങിലെത്തി. പിന്നീട് വൈക്കം താലൂക്കിലെ അമേചർ നാടക ട്രൂപ്പുകളിൽ അഭിനയിക്കുവാൻ അവസരങ്ങൾ ലഭിച്ചു.

പുരാതനഓർത്തഡോക്സ് ക്രിസ്ത്യൻ കുടുംബമായതിനാൽ വീട്ടിൽ നിന്ന് എതിർപ്പുകളുയർന്നു. എങ്കിലും നാടകാഭിനയത്തിൽ ഉറച്ചു നില്ക്കുവാൻ തീരുമാനിച്ചു. എം.എസ്.

**നാടകലോകത്തെ വസന്തതാരങ്ങൾ**



**1960–ൽ ഡോക്ടർ നാടകത്തിലെ നടീനടന്മാർ ടി.കെ ജോൺ, വർഗീസ്തിട്ടേൽ, ഒ. മാധവൻ (മടിയിലിരിക്കുന്നത് മുകേഷ്) കാലാക്കൽ കുമാരൻ,മണവാളൻ ജോസഫ്,പെരുന്നലീലമണി (ജി.ദേവരാജൻ മാസ്റ്ററുടെ ഭാര്യ) വിജയകുമാരി, മേരി തോമസ്,കവിയൂർ പൊന്നമ്മ.**

പി.യിൽ സെലക്ഷൻ കിട്ടിയപ്പോൾ മലപ്പുറത്ത് ക്യാമ്പിലെത്തി പോലീസുകാരനായി. ഉള്ളിന്റെയുള്ളിൽ നാടകനടനാകുക എന്ന സ്വപ്നം മുളച്ചുവന്നപ്പോൾ ഡിസ്ചാർജ്ജ് വാങ്ങി നാട്ടിലെത്തി. വീണ്ടും അമേച്വർ നാടക സംഘങ്ങളിൽ ചേർന്ന് അഭിനയം തുടർന്നു മിക്കനാടകങ്ങളിലും വില്ലൻ വേഷമായിരുന്നു.

1950–60 മലയാള നാടകത്തിന്റെ വസന്തകാലം. ഒരിക്കൽ മലയാള നാടകരംഗത്തെ പ്രശസ്ത ഹാസ്യ നടനായിരുന്ന വൈക്കം കാലാക്കൽ കുമാരൻ ടി.കെ.ജോണിന്റെ വില്ലൻ വേഷം കാണാനിടയായി. അഭിനയസിദ്ധിയും. ഉച്ചാരണ സ്ഫുടതയും, ശരീരഭാഷയും ഇഷ്ടപ്പെട്ട കാലാക്കൽ കുമാരൻ ആഹ്ളാദത്തോടെ കെട്ടിപ്പിടിച്ച് അഭിനന്ദിച്ചു.

1960 ൽ കെ.പി.എ.സിയിലുണ്ടായിരുന്ന ഏതാനും പേർ ചേർന്ന് കൊല്ലത്ത് കാളിദാസകലാകേന്ദ്രം എന്ന ട്രൂപ്പിനു രൂപം നൽകി. വൈക്കം ചന്ദ്രശേഖരൻ നായർ രചിച്ച ഡോക്ടർ നാടകം, ഡോക്ടറായി അഭിനയിക്കുന്നതിന് കാലാക്കൽ കുമാരൻ ടി.കെ ജോണിനെനിർബന്ധിച്ച് കൊല്ലം കാളിദാസകലാകേന്ദ്രത്തിലെത്തിച്ചു. ടി.കെ.ജോൺ എന്ന സുന്ദരനായ യുവാവിനൊപ്പം അഭിനയിക്കുന്നത് നാടകരംഗത്ത് പ്രശസ്തരായ ഒ.മാധവൻ, വർഗ്ഗീസ് തിട്ടേൽ, നെല്ലിക്കോട് ഭാസ്കരൻ, മണവാളൻ ജോസഫ്, കാലാക്കൽ കുമാരൻ, പെരുന്ന ലീലാമണി, (പ്രശസ്ത സംഗീത സംവിധായകൻ ജി.ദേവരാജന്റെ ഭാര്യ) വിജയകുമാരി (ഒ.മാധവന്റെ ഭാര്യ) കവിയൂർ പൊന്നമ്മ, തോപ്പുംപടി അമ്മിണി ഇവർക്കൊപ്പം ഡോക്ടർ നാടകത്തിന്റെ ആദ്യറിഹേർസൽ തുടങ്ങി. ഡോക്ടർ ജെയിംസായി ടി.കെ.ജോണും അരങ്ങിലെ പ്രശസ്തർക്കൊപ്പം



ടി. കെ. ജോൺ

അഭിനയിച്ചപ്പോൾ ഉണ്ടായ ഉൾഭയം മൂലം അന്നുരാത്രി നാടക ക്യാമ്പിൽ നിന്നും ആരുമറിയാതെ മുങ്ങിയ ടി.കെ ജോണിനെ കൊല്ലം ബസ്സ്റ്റാന്റിൽ നിന്നും കാലാക്കൽ കുമാരൻ രഹസ്യമായി ക്യാമ്പിലെത്തിച്ചു. കാലാക്കൽ കുമാരൻ നല്കിയ പ്രോത്സാഹനവും, ധൈര്യവും മൂലം റിഹേർസൽ തുടർന്നു. ഡോക്ടർ നാടകത്തിന്റെ അവസാനറിഹേർസൽ കാണാനെത്തിയ ജി.ദേവരാജൻ, ഒ.എൻ.വി, വൈക്കം ചന്ദ്രശേഖരൻ നായർ, നാടക സംവിധായകൻ പി.കെ.വിക്രമൻ നായർ എന്നിവരുടെ ഡോക്ടർ ജെയിംസിന്റെ അഭിനയത്തെ പുകഴ്ത്തിക്കൊണ്ടുള്ള വാക്കുകൾ കേട്ട് ടി.കെ ജോണിലെ നാടകനടൻ ഫിനീക്സ് പക്ഷിയെപ്പോലെ പറന്നുയർന്നു. മലയാള സിനിമാലോകത്തെ നിത്യഹരിതനായകനായിരുന്ന പ്രേംനസീറിനെപ്പോലെ ടി.കെ ജോൺ അരനൂറ്റാണ്ടു കാലം മലയാള നാടകവേദിയിൽ നിറഞ്ഞുനിന്നു.

വൈക്കം കാലാക്കൽ കുമാരനെക്കുറിച്ച് ടി.കെ ജോൺ “എന്നിലെ അഭിനയ സിദ്ധികണ്ടെത്തിയതും, ഇതാണ് എന്റെ വഴിയെന്ന് വ്യക്തമാക്കിതന്നതും കാലാക്കൽ കുമരേട്ടനാണ്.”

വൈക്കം മാളവികയുടെ തുടക്കം മുതൽ എല്ലാ നാടകങ്ങളും കുമാരേട്ടനെവായിച്ചു കേൾപ്പിച്ചിരുന്നു.

അദ്ദേഹത്തിന്റെ ഇഷ്ടവിഭവമായ പൂവൻ പഴവും അവിലും നല്കി കാലാക്കൽ കുമാരൻ മരിക്കുന്നതുവരെ നന്ദിയോടെ ടി.കെ ജോൺ ഗുരുശിഷ്യബന്ധം നിലനിർത്തിയിരുന്നു.

കരുത്തുറ്റ പ്രമേയവും ടി.കെ ജോണിന്റെ അഭിനയമികവും സ്ഫുടതയുള്ള ശബ്ദവും അദ്ദേഹത്തെ ശ്രദ്ധേയനാക്കി.

നാടകരംഗത്തെ അനുഭവങ്ങളിൽ നിന്ന് നാടകസംവിധാനത്തിലേക്ക് കടന്നു. നാടകാഖ്യാനത്തിലും, അവതരണത്തിലും പുതിയ പരീക്ഷണങ്ങൾ നടത്തി. പി.കെ. വിക്രമൻ നായരിൽ നിന്നു പകർന്നു കിട്ടിയ അറിവ് ജ്വലിപ്പിച്ചുകൊണ്ടിരുന്നു. നാടകാചാര്യൻ എൻ.എൻ. പിള്ളയുടെ നാടക ദർപ്പണം പുസ്തകത്തിലെ വാക്കുകൾ “ സംഭാഷണത്തിൽ രചിക്കപ്പെട്ടതും, വാക്കും, ചേഷ്ടകളും കൊണ്ട് രംഗവേദിയിൽ നിന്ന് പ്രേക്ഷകരിലേക്ക് വിന്യസിക്കപ്പെടുന്നതുമായ ജീവിതസംഘട്ടനങ്ങളുടെ കഥയാണ് നാടകം” ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു.

വേദികളിൽ നിന്ന് വേദികളിലേക്ക് വിശ്രമമില്ലാതെ അഭിനയംതുടർന്നപ്പോൾ സ്വന്തമായി ഒരു നാടകട്രൂപ്പ് തുടങ്ങണമെന്നുള്ള ആഗ്രഹം മനസ്സിൽ വിത്തുപാകി. വൈക്കം മാളവിക എന്ന പേരിൽ ഒരു നാടകസമിതിയ്ക്ക് രൂപം കൊടുത്തു.

പ്രശസ്ത സാഹിത്യകാരനും, നാടകകൃത്തുമായിരുന്ന വൈക്കം ചന്ദ്രശേഖരൻ നായർ രചനനിർവ്വഹിച്ച “വെളിച്ചമേ നയിച്ചാലും” നാടകം. പിന്നീട് “പ്രൊഫഷണൽ നാടകങ്ങളുടെ മർമ്മമറിയുന്നവൻ

സുന്ദരൻ കല്ലായി" എന്ന് എൻ. എൻ പിള്ള വിശേഷിപ്പിച്ച സുന്ദരൻ കല്ലായി. രചനയും സംവിധാനവും നിർവ്വഹിച്ച മാളവികയുടെ അഞ്ചാമതു നാടകം "അങ്കം" കേരളത്തിൽ അങ്ങോളമിങ്ങോളം അരങ്ങേറി. ടി.കെജോൺ, വില്ല്യം ഡിക്രൂസ്, എസ്.ജെ ദേവ് തുടങ്ങിയവർ വേഷമിട്ടു. വൈക്കം മാളവികയെയും അങ്കം നാടകത്തെയും കുറിച്ച് സുന്ദരൻ കല്ലായി "അന്ന് മാളവികയ്ക്ക് പ്രത്യേകതകളുണ്ടായിരുന്നു. സമിതിയുടെ പുതിയ നാടകം ആവർഷം അമ്പലപ്പറമ്പുകളിൽ കളിക്കില്ലെന്ന് പല ഉടമകളും ശഠിച്ചിരുന്നു. എന്നാൽ മാളവിക ആ പതിവുതെറ്റിച്ചു. പുതിയ നാടകങ്ങൾ അവതിരിപ്പിക്കുവാൻ ഉത്സവക്കമ്മറ്റികൾ മത്സരിച്ചു. കൊല്ലത്തു മാത്രം ആദ്യവർഷം എൺപതു സ്റ്റേജുകളിൽ കളിച്ചു." വൈക്കം മാളവിക അങ്കംകുറിച്ചുകൊണ്ട് കേരളത്തിലുടനീളം പടയോട്ടം നടത്തി. നാടകവേദികളിൽ ആദ്യമായി സ്റ്റെയർകേസ് അവതരിപ്പിച്ചു. വാഹനങ്ങൾ ഓടിച്ചും, ലൈറ്റിങ്ങിലും, രംഗസജ്ജീകരണത്തിലും വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയപ്പോൾ ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചത്.

വൈക്കം ചെമ്പ് സ്വദേശി ഭരത് മമ്മൂട്ടി കോളേജ് വിദ്യാഭ്യാസ കാലത്ത് അഭിനയ മോഹവുമായി നാടകത്തിൽ അവസരം ചോദിച്ച് ടി.കെ ജോണിനെസമീപിച്ചിരുന്നു. ഇതറിഞ്ഞ മമ്മൂട്ടിയുടെ ബാപ്പ ടി.കെ ജോണിന്റയടുത്തെത്തി നാടകത്തിലെടുക്കരുതെന്ന് അഭ്യർത്ഥിച്ചു.

കാലചക്രം തിരിഞ്ഞപ്പോൾ പിന്നീട് മമ്മൂട്ടി മലയാള സിനിമയിലെ മെഗാസ്റ്റാറായി. പ്രശസ്ത സംവിധായകനും തിരക്കഥാകൃത്തുമായ ലോഹിതദാസ് വൈക്കം മാളവികയ്ക്കു വേണ്ടി എഴുതിയ "അവസാനം വന്ന അതിഥി" എന്ന നാടകം കോട്ടയത്തുവച്ച് മമ്മൂട്ടി കണ്ടു. അക്കാദമിക്ക് അഡ്വക്കേറ്റ് അല്ലാതിരുന്നിട്ടും വക്കീലായി അരങ്ങിൽ നിറഞ്ഞുനിന്ന ടി.കെ ജോണിന്റെ അഭിനയവും, സംവിധാനവും മമ്മൂട്ടിയെ വിസ്മയിപ്പിച്ചു. വൈക്കം മാളവികയിലെത്തി ടി.കെ. ജോണിനെകണ്ട് അവസാനം വന്ന അതിഥി സിനിമയാക്കുവാൻ എൽ.എൽ.ബി. ബിരുദധാരിയായ മമ്മൂട്ടി സമ്മതം വാങ്ങി. വിചാരണ എന്ന പേരിൽ സിബി മലയിൽ സംവിധാനം ചെയ്ത സിനിമയിൽ അഡ്വക്കേറ്റായി മമ്മൂട്ടി കസറി.

ടൈറ്റാനിക് എന്ന കപ്പൽ അപകടം സിനിമയാക്കുന്നതിനും എത്രയോ കാലം മുൻപേ ജയപ്രസാദ് രചിച്ച സീ പാലസ് നാടകം അരങ്ങിലെത്തിച്ചു. ടി.കെ.ജോണിന്റെ സംവിധാനത്തിൽ ആർട്ടിസ്റ്റ് സുജാതൻ വേദിയിലെത്തിച്ച കപ്പലിന്റെ ശില്പം ഇന്നും പ്രേക്ഷകമനസ്സുകളിലുണ്ട്. ടി.കെ ജോൺ നടനും, സംവിധായകനുമായി നാടകരംഗത്തു മുപ്പത്തിയെട്ടു നാടകങ്ങൾ. "അനുഭവങ്ങളെ നന്ദി" എന്ന നാടകത്തോടുകൂടി വൈക്കം മാളവിക തീയേറ്റേഴ്സ് പ്രശസ്ത നാടകനടനും സംസ്ഥാന അവാർഡു ജേതാവുമായ പ്രദീപ് മാളവികയ്ക്ക് കൈമാറി.

അവസാനമായി അരങ്ങിലെത്തിയത് വൈക്കം മാനിഷാദ തീയേറ്റേഴ്സിന്റെ വൈക്കം ബിനു സംവിധാനം, സി.കെ.ശശി രചനനടത്തിയ "സ്നേഹത്തിന്റെ പാട്ടുകാരൻ" നാടകത്തിലായിരുന്നു.

അരനൂറ്റാണ്ടു മലയാള സംഗീത നാടക രംഗത്തു നിറഞ്ഞു നിന്ന വൈക്കം ടി.കെ ജോൺ മാളവികയെത്തേടി ചെറുതും വലുതുമായ നിരവധി പുരസ്കാരങ്ങൾ കേരള സംസ്ഥാനസർക്കാരിന്റെ പരമോന്നത ബഹുമതിയായ എസ്.എൽ. പുരം പുരസ്കാരം, ഗുരു പൂജ പുരസ്കാരം, ഫെലോഷിപ്പ് എന്നിവ നല്കി കേരള സംഗീത നാടക അക്കാദമി നല്കി ആദരിച്ചിരുന്നു.

കമ്പദം, വജ്രം, അരയന്നങ്ങളുടെ വീട്, മണിയറ കള്ളൻ, ബാലേട്ടൻ എന്നീ സിനിമകളിലും അഭിനയിച്ചു. സിനിമയിലേക്ക് നിരവധി അവസരങ്ങൾ വന്നെങ്കിലും നാടകമായിരുന്നു ടി.കെ. ജോണിന്റെ സ്വപ്നവും ജീവിതവും, വിചാരങ്ങളും. തന്റെ കൂടെ പ്രവർത്തിക്കുന്ന നാടക പ്രവർത്തകരുടെ ജീവിതം പെരുവഴിയിലാകുമെന്ന മാനുഷികചിന്ത ഈ നടന്റെയുള്ളിലുണ്ടായിരുന്നു.

കലയുടെയും, സംഗീതത്തിന്റെയും, നവോത്ഥാനചരിത്രത്തിന്റെയും, സംസ്കാരത്തിന്റെയും നിലയ്ക്കാത്ത ശംഖൊലിമുഴങ്ങുന്ന വൈക്കം പുണ്യഭൂമിയിൽ നിന്നും നിരവധി കലാകാരന്മാർ. നാടകരംഗത്ത് തിളങ്ങി. വൈക്കം മണി, വൈക്കം വാസുദേവൻ നായർ, ടി. ആർ.സുകുമാരൻ നായർ, കാലാക്കൽ കുമാരൻ, എൻ.എൻ.പിള്ള, വൈക്കം സുകുമാരൻ നായർ എന്നിവർ മലയാള നാടകചരിത്രത്തിൽ ഇടം നേടിയവരിൽ പ്രമുഖർ.

സർഗ്ഗകലയുടെ സിദ്ധി വൈഭവംകൊണ്ട്, അഭിനയമികവും അത്യപൂർവ്വമായ ശബ്ദനിയന്ത്രണവുംകൊണ്ട്, പ്രേക്ഷകസദസ്സിനെകയ്യിലെടുത്ത ടി.കെ. ജോൺ അടുത്ത മൂന്നാം ബെൽ മുഴങ്ങുന്നതിനു മുൻപ് അഭിനയിച്ചു കൊതി തീരാതെ 11.06.2017 ൽ ചമയങ്ങൾ അഴിച്ചുവച്ച് യവനികയ്ക്കുള്ളിൽ മറഞ്ഞു.

(ലേഖകന്റെ ഫോൺ നമ്പർ 9562245009)

With Best Compliments From...

|| OM SAI RAM || || JAI MATA DI ||



# GUNJAN TRANSPORT SERVICES

**FLEET OWNERS & TRANSPORT CONTRACTORS**

**SPECIALIST IN :**

**TEMPO, TRUCK, TOURAS, 20 FEET & 40 FEET TRAILERS,
O.D.C CARGO, FORKLIFT,
CRANES, TEMPO & TRUCK CONTAINER BODY,
20' 32' ALL OVER INDIA**

**PART LOAD AND PARCEL SERVICES ALL OVER INDIA
BY ROAD, TRAIN AND AIR & HEAVY TAILER LOAD**

***WE GO WHERE THE ROAD GOES***

**PROPRIETOR**

AJAY VIJAN
Mob.: 9323256192 / 9323821299

NARESH CHABERWAL
Mob.: 9323356192 / 9821053087

SHOP NO 6-A, NEW HEMANT MANJREKAR MARKET,
G.T.B NAGAR, SION EAST, MUMBAI 400 037
TEL.: 24087191 FAX.: 24092450
RAKESH JI: 9323156192 / 9867434496

ലേഖനം



രാധാകൃഷ്ണൻ കാക്കശ്ശേരി

# കൃഷ്ണസ്തു ഭഗവാൻ സ്വയം

ആക്കംപൂണ്ടഷ്ടമീരോഹിണിയൊരുമ കലർ-
ന്നോരുനാളർദ്ധരാത്രൌ
ചൊൽക്കൊള്ളും ചിങ്ങമാസേമുഴുമതിയു-
മുദിക്കുന്ന മുഖ്യേ മുഹൂർത്തേ
തൃക്കയ്യിൽ ശംഖുചക്രാംബുജഗദകൾധരി-
ച്ചോരുബാലസ്വരൂപം
തക്കത്തിൽ ദ്ദേവകിക്കും കണവനുമണയെ-
ദ്ദുർശിതം കൈതൊഴുന്നേൻ (പൂന്താനം)



ചിങ്ങമാസത്തിലെ അഷ്ടമിയും രോഹിണിയും കലർന്നുവരുന്ന സുദിനമാണ് നാം കൃഷ്ണാവതാരസുദിനമായി ആഘോഷിക്കുന്നത്. കേരളീയ ക്ഷേത്രങ്ങളിൽ മാത്രമല്ല, വീടുകൾ തോറും അവതാരസുദിനം ഉത്സവപ്രതീതിയോടെയാണ് നാം ആഘോഷിച്ചുവരുന്നത്.
എല്ലാ അവതാരത്തിനും ചില പ്രത്യേക സാഹചര്യങ്ങൾ ഉണ്ട്. ഭഗവദ്ഗീത അത് അടയാളപ്പെടുത്തിയിട്ടുണ്ടല്ലോ.

'യദായദാഹിധർമ്മസ്യ
ഗ്ലാനിർഭവതി ഭാരതഃ
അഭ്യുത്ഥാനമധർമസ്യ
തദാത്മാനം സൃജാമ്യഹം
പരിത്രാണായസാധൂനാം
വിനാശായ ചദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമിയുഗേയുഗേ'
(ഭഗവദ്ഗീത)



ധർമ്മ സംസ്ഥാപനവും, സജ്ജ
നപരിപാലനവുമാണ് അവതാ
ര ദൗത്യം എന്ന് വ്യക്തമാണ
ല്ലൊ. ശ്രീകൃഷ്ണാവതാരവും,
അത്തരമൊരു ദൗത്യനിർവഹ
ണത്തിന്റെ പശ്ചാത്തലത്തിലാ
ണല്ലൊ സംജാതമാകുന്നത്
എന്നിരുന്നാലും കൃഷ്ണാവ
താരത്തിന്റെ സന്ദർഭത്തിനും,
പശ്ചാത്തലത്തിന്നുമെല്ലാം സ
വിശേഷമായ ഒരു പ്രാധാന്യ
മുണ്ട്. പ്രതീകാത്മകമായ ഒരർ
ത്ഥതലവുമുണ്ട്.
ശ്രീകൃഷ്ണ ഭഗവാൻ അവതരി
ക്കുന്നത് കൂരിരുട്ടുനിറഞ്ഞ പാ
തിരാത്രിയിലാണ്. തോരാത്ത
മഴ; മിന്നലും ഇടിമുഴക്കവും.
ചന്ദ്രന്റെ നേരിയ നിലാവു
മാത്രം പരന്നൊഴുകുന്ന, പ്രപ
ഞ്ച ചേതനയുടെ അന്ധകാരമ
യമായ തീവ്രത വിവരണാ
തീതം. ചുറ്റുപാടുമുള്ളവർ സു
ഷുപ്തിയുടെ അഗാധമായ ത
ലങ്ങളിൽ, പ്രജ്ഞയറ്റ് കിട
ക്കുന്നു. അപ്പോഴാണ് കാരാഗൃ
ഹത്തിന്റെ ചുമരുകൾക്കുള്ളിൽ
പ്രകാശ ബിന്ദുവായി ഭഗവാൻ
അവതരിക്കുന്നത്. ബന്ധന
ങ്ങൾ അഴിയുന്നു. പ്രകൃതിയും
പുരുഷനും അത്ഭുതസ്ത
ബ്ധരാവുംവണ്ണം, ആ പ്രകാശം
വളർന്നു വിശ്വരൂപം കൈക്കൊ
ള്ളുന്നു. ഭഗവാൻ ഒരു ഉണർ
ത്തുപാട്ടായി വി
മോചന സ്വപ്ന
മായി ചുറ്റുപാടു
കളിൽ സംക്രമി
ക്കുന്നു.
ഇത്രയും കാവ്യാ
ത്മകവും, ധ്വനി
സാന്ദ്രവും, പ്രതീ
കാത്മകവുമായ
ഒരു അവതാരവ
ർണ്ണന കൃഷ്ണാ
വതാരത്തിലല്ലാ
തെ മറ്റെവിടെ
കാണാൻ ക
ഴിയും?. ജനഹൃദ
യങ്ങളിലെ ഇരു
ളകറ്റി സംസാരബന്ധങ്ങളുടെ
തുടലും ഇടരുമകറ്റി, അവതാ
രം മുതൽ സ്വർഗ്ഗാരോഹണം
വരെയുള്ള കാലങ്ങളിൽ ജഗ
ന്മോഹനമോഹനമായ കാര്യ
ങ്ങൾ ചെയ്ത ശ്രീകൃഷ്ണഭഗ
വാൻ അവതാരങ്ങളുടെ അവ
താരമാണ്.
വൈചിത്ര്യപൂർണ്ണവൈവിധ്യമാ
ണ് ശ്രീകൃഷ്ണാവതാരത്തി
ന്റെ സഞ്ചാരപഥം. ആ അവ
താരം ആകർഷിക്കാത്ത സമൂ
ഹമില്ല; ചെന്നെത്താത്ത മേഖ
ലയില്ല. നമ്മുടെ എക്കാലത്തു
മുള്ള കവികളുടെയും ചിത്ര
കാരന്മാരുടെയും മറ്റിതരകലാ
കാരന്മാരുടെയും ഭാവനയെ ഇ
ത്രമാത്രം ഉദ്ദീപ്തമാക്കിയ മ
റ്റൊരവതാരം ഏതുണ്ട്. ഭാരതീ
യ സാഹിത്യത്തിൽ നിന്ന്, സം
ഗീതത്തിൽ നിന്ന്, ചിത്രകല
യിൽ നിന്ന്, കൃഷ്ണ സങ്കൽപ
ങ്ങൾ കിഴിച്ചു കളഞ്ഞാൽ അവ
ശേഷിക്കുന്നത് കേവലമായ
ശൂന്യതമാത്രം.
ഇത്രയേറെ ഒരു നാടിന്റെ സം
സ്കാരധാരയുമായി അലി
ഞ്ഞുചേർന്ന, ഹൃദയസ്പന്ദന
ത്തിന്റെ താളമായി വർത്തിച്ച
ശ്രീകൃഷ്ണ ഭഗവാൻ, സമൂഹ
പരിവർത്തനത്തിന്റെ ശംഖവാ
ദകനായിരുന്നു. അമ്മമാർക്കിട
യിലാകുമ്പോഴും പടക്കളത്തി
ലാകുമ്പോഴും, ഉണ്ണികൾക്കിട
യിലാകുമ്പോഴും ഗോപികമാർ
ക്കിടയിലാകുമ്പോഴും എല്ലാവ
രുടേയും സ്നേഹഭാജനവും
മാർഗ്ഗദർശിയുമാകാൻ കൃ
ഷ്ണന് കഴിയുന്നു എന്നത് അ
ദ്ഭുതകരമാണ്. അപ്പൊഴൊ
ക്കെയും കാലാനുസാരിയായ
പരിവർത്തനത്തിന്റെ കാഹളമൂ
തുവാൻ അദ്ദേഹം മറക്കാറില്ല.
വിപ്രപത്ന്യനുഗ്രഹലീലയിൽ
പ്രത്യക്ഷപ്പെടുന്ന ഭഗവാൻ ന
ഹിനഹിരക്ഷതി ഡുകുകരണേ
എന്ന് വ്യക്തമാക്കുന്നതോടൊ
പ്പം വിശപ്പിന്റെ വിളിയറിയുന്ന
സ്നേഹവായ്പ്പിന്റെ മഹത്വം
പ്രഖ്യാപിക്കുകയും ചെയ്യുന്നു.
ആത്യന്തികമായ ഭക്തികണ്ടെ
ത്തേണ്ടത് ഉണ്ണാത്തവനെ ഊ
ട്ടുന്നതിലാണെന്നും ഭഗവാൻ
ഉറക്കെ വിളിച്ചു പറയുന്നുണ്ട്.
ആ സന്ദർഭത്തിൽ ലൗകികമാ
യ ജീവിതത്തിന്ന് എല്ലുറപ്പു
നൽകുന്ന ഒരു സംഭവമായി
വേണം ഈ കഥാസന്ദർഭത്തെ
കാണാൻ.
ശ്രീകൃഷ്ണ ഭഗവാന്റെ സമ
ഗ്രമായ ശാസ്ത്രബോധത്തിന്ന്
ഉദാഹരണമാണ് ഗോവർദ്ധ
നോദ്ധാരണ കഥ. കാലങ്ങളാ
യി നിലനിന്നുവന്നിരുന്ന അ
ന്ധമായ ഒരാചാരത്തെ സംയു
ക്തികം തള്ളിക്കളയുകയും
ഗോവർദ്ധനപർവ്വതമാണ് മഴ
പെയ്യിക്കുന്നതെന്ന ശാസ്ത്ര
സത്യം തെളിയിക്കുകയും
ചെയ്ത ആ കഥ പരിസ്ഥിതി
പ്രേമികൾക്ക് മാത്രമല്ല ന
മുക്കും പ്രചോദനമാകേണ്ട
താണ്.
തേർത്തടത്തിൽ നിന്നുകൊണ്ട്
അവിലോചനിഷൽസാരമായ
ഭഗവദ്ഗീത, അർജ്ജുനന്ന് ഉ
പദേശിച്ച കൃഷ്ണൻ നമ്മു
ടെയും നേതാവാണ്. നിയന്താ
വാണ്. ദ്വന്ദ്വാത്മകമായ ജീവിത
ത്തിന്റെ ആഹവ ഭൂമിയിൽ കിട
ന്ന് നട്ടം തിരിയുന്ന നാമെല്ലാം
അർജ്ജുനന്മാരാണ്, വിഷാദ

യോഗത്തിൽ പെട്ടുഴലു
ന്നവരാണ്. അവരുടെ കൺതു
ടയ്ക്കാനും, കർമ്മോത്സു
കമായ ചൈതന്യത്തിന്റെ ധ
നുർദ്ധരത്വം പ്രദാനം ചെ
യ്യാനും ആ ഉപദേശങ്ങൾ,
ഇന്നും പ്രയോജകീഭവിക്കുന്നു.
സർവ്വസമത്വം സമദർശിത്വം
തുടങ്ങിയ ഉൽകൃഷ്ട ദർശന
ങ്ങൾക്ക് ഉദാഹരിക്കാവുന്ന ക
ഥയത്രെ കുചേലോപാഖ്യാനം.
ഭക്താഗ്രണിയും, നിത്യ ദാ
രിദ്ര്യ ദുഃഖിതനുമായ കുചേല
ന്റെ കുടുംബത്തെ, അപേക്ഷ
യില്ലാഞ്ഞിട്ടും ഉപേക്ഷകൂടാ
തെ, സമ്പന്നമാക്കിയ ഭഗവാ
ന്റെ ലീല അദ്ഭുതപ്പെടാനുള്ള
തുമാത്രമല്ല, നിത്യ ജീവിത
ത്തിൽ പ്രായോഗികമാക്കാനു
ള്ളതുമാണ്.

ഇത്രയൊക്കെ സമ്മതിച്ചു കഴി
യുമ്പോഴും സർവ്വചരാചരങ്ങ
ളേയും മയക്കുന്ന, ആകർഷി
ക്കുന്ന ആ വേണുഗാനത്തെ,
സ്നേഹത്തിന്റെ മധുരോദാ
രമായ വ്യാപനത്തെ ഒരിക്കലും
മറക്കാനാവില്ല. എല്ലാ ജീവജാ
ലങ്ങളുടേയും പ്രാണസ്പന്ദ
ത്തെ പ്രപഞ്ചാത്മാവിനോട് സ
മരസപ്പെടുത്തുന്ന ആ വൈദഗ്
ധ്യവും, വിശ്വസംഗീതത്തിന്റെ
അഖണ്ഡമായ വിശുദ്ധിയിലേ
യ്ക്ക് നമ്മെ നയിക്കുന്നു. അ
തൊരു അനുഭൂതിയുടെ അ
ന്തർനാദമായി നമ്മുടെ ഹൃദ
യാന്തരാളത്തെ ഉണർത്തു
കയും ഉയർത്തുകയും ചെ
യ്യുന്നു.

ഇത്രയേറെ വൈവിധ്യമാർന്ന
ഭാവം ശ്രീകൃഷ്ണ ഭഗവാനു
ണ്ടെങ്കിലും ജനം ഇഷ്ടപ്പെടുന്ന
ത് ബാലലീലകളാടുന്ന കപട
ഗോപാലനായ ആ കൈവല്യാ
ബ്ഘലനഘലനത്തെയാണ്. വെ
ണ്ണകട്ടുതിന്നതുമുതൽ ചെയ്ത
അനേകം കുസൃതികൾ നാം
ഇപ്പോഴും നന്ദിയോടെ ആനന്ദ
ത്തോടെ അനുസ്മരിക്കുന്നു.
ഓരോ അമ്മയും മടിയിൽ ആ
കുരുന്നു സൗഭാഗ്യത്തെ സാ
ങ്കൽപികമായി അണിയിച്ചിരു
ത്തുന്നു. ഓരോ അച്ഛനും മുതു
കത്തേറ്റി ആനകളിക്കുന്നു. എ
ത്ര മറന്നാലും മറക്കാത്ത, മാ
യ്ച്ചാലും മായാത്ത ഒരു അനു
ഭൂതിയുടെ ആവേശത്തിന്റെ പ
ര്യായമാണ് ഉണ്ണിക്കണ്ണൻ.
ഭാരതീയ ജനമനസ്സിൽ കണ്ണൻ
ഇന്നും നിറഞ്ഞുനിൽക്കുന്ന
അനുഭൂതിയുടെ സാന്ദ്രരൂപ
മാണ്. അമ്മമാർ ഉണ്ണിക്കണ്ണ
ന്റെ രൂപം ധരിപ്പിച്ച് കൊച്ചുമ
ക്കളിൽ ആ അനുഭൂതി ഈ
സുദിനത്തിൽ സാക്ഷാത്ക്കരി
ക്കുന്നു.

എല്ലാ അവതാരങ്ങളിലും വെ
ച്ച് ശ്രേഷ്ഠമാണ് കൃഷ്ണാവ
താരം. കൃഷ്ണസ്തുഭഗവാൻ
സ്വയം എന്നാണല്ലോ പറയാറ്.
അമേയവും ആനന്ദ പൂർണ്ണ
വുമായ ആ അവതാരത്തിന്റെ
ചൈതന്യധന്യമായ അനുഗ്ര
ഹം സർവ്വചരാചരങ്ങളും ഏറ്റു
വാങ്ങാതെ ഈ സുദിനത്തിൽ
നാം ഭഗവദ്സ്തുതിയിൽ അ
ഞ്ജലീബദ്ധരാവുക. ആനന്ദ
ധന്യരാവുക. ■

ആശംസകളോടെ



വി. രാജേന്ദ്രൻ നായർ
& ഫാമിലി
ഡോംബിവ്‌ലി

# ഓണപ്പൂക്കൾ



**പവിത്രൻ കണ്ണപുരം .**

**ഓണമായല്ലോ യെന്നെൻ**
ഉള്ളിൽനിന്നാരോ വിളി-
ച്ചറിയിക്കുന്നു; ചിങ്ങം
പിറക്കും മുൻപേ തന്നെ !

പാണന്റെ ഓണപ്പാട്ടിൻ
ഈണവും മൂളിക്കൊണ്ടാ-
ണാവണിത്തെന്നൽ വന്നെൻ
ഓർമ്മകൾ തലോടുന്നു .
തെന്നലിൻ കയ്യിൽത്തൂങ്ങി
ഊയലാടുന്നു മലർ
വല്ലിയും തേൻതേടുന്ന
മഞ്ഞണിപ്പൂ ത്തുമ്പിയും !

പൊന്നണിപ്പാടത്തിന്റെ
നെഞ്ചകം വിരിയിച്ച,
നെല്ലിയും കാക്കപ്പൂവും
പൂവിളി കാതോർക്കുമ്പോൾ,
തൊടിയിൽ വട്ടംചുറ്റി
പ്പറക്കും പൂത്തുമ്പിപോൽ,
ഓണപ്പൂവുകൾ തേടി
അലയുന്നെന്നുണ്ണികൾ .

തെങ്ങോലപ്പൂക്കൂടയിൽ
നെല്ലിയും കാക്കപ്പൂവും,
താളിലത്താമ്പാളത്തിൽ
നിറയെ തുമ്പപ്പൂവും,
ഉമ്മറത്തൊടിയിലെ
തെച്ചിയും ചേമന്തിയും
ചെമ്പരുത്തിയും വാടാ
മല്ലിയും മുക്കുറ്റിയും.
ചെട്ടിയും കോളാമ്പിയും
നന്തിയാർവട്ടപ്പൂവും,
നീലാംബരിയും പിന്നെ
കനകാംബരം, നീല
ശംഖു പുഷ്പവും, സൂര്യ
കാന്തിയും മന്ദാരവും,

തൂവെള്ളപ്പൂത്താലിയും
കുറിഞ്ഞിപ്പൂവും നുള്ളി,
കുഞ്ഞുകയ്യുകൾ മുറ്റ
ത്തോണപ്പൂക്കളം തീർത്തു!

പൊയ്പ്പോയ കാലത്തിന്റെ
വാസര സ്വപ്നങ്ങളായ്,
മാഞ്ഞുപോകയാണോണ
പ്പൂക്കളും സുഗന്ധവും!

ഗ്രാമസൗന്ദര്യം തീർത്ത
പട്ടുടുപ്പണിയുന്ന,
നാട്ടുപൂക്കളും വയൽ
പ്പൂക്കളും പൂത്തുമ്പിയും,
ഓർമ്മതൻ പാരാവാര-
സീമയിലിവയെല്ലാം,
മഴവിൽ വർണ്ണങ്ങളായ്
കാത്തുസൂക്ഷിപ്പൂകാലം!

കാലമെൻ കയ്യിൽപ്പിടി-
ച്ചോടുന്നു ഞാൻപിന്നിട്ട
കണ്ണുനീർ നനവാർന്ന
നാട്ടുപാതയിലൂടെ!

**ആശംസകൾ**

**Anil Joseph**
7700085100

Medisolle
...Keeping hopes alive...

SURGICAL & PHARMACEUTICAL DISTRIBUTORS

Shop No. 6, Ground Floor, Mahalaxmi Ashish CHS,
Mhasobha Nagar, Thakurli (East), Thane
Ph.: 9820141131, 9820101131 email: medisolle@gmail.com

*Best Compliments From*

**DIFFERENT PLANS FOR EVERY POSSIBLE NEED**
**Contact for:**
LIC Policies, Family Mediclaim, Travel Insurance, House Holders, Vehicles & Building Insurance Policies

**A. Krishnankutty**
Member: Chairman's Club for Agents
Mobile: 9820260358 email : lic_kkutty@yahoo.com

Agent: The New India Assurance Co. Ltd, Apollo Munich Health Insurance Co. Ltd.

Best Compliments From

**Ravi Patil**

**9821462601**
**9819424761**

# Shree Om Enterprises

## Interior & Exterior



Shop No. 1, Datta Mhatre Chawl,
Gaondevi Mandir Road,Kopargaon, Dombivali (W) - 421202
email: sreeom2511@gmail.com



# Congratulation !!

**Rahul Muraleedharan,**
S/o NWA Member **Shri. Muraleedharan**
won First Prize in
Goodwin Golden Voice Aamchi Mumbai's
Music Reality Show

# NWA NEWS

## EXHIBITION OF CLOTHS

Exhibition of varities of Mundu & Shirts for Men, Settu Sarees, Cotton Sarees procured directly from the Manufacturer are available from 6.30pm to 8.30pm at NWA office every day.

## BHAGVAD GITA CLASSES

For Children: Every Sunday 30.30pm to 4.30pm

For Elders: 1st & 3rd Sunday 4.30pm to 5.30pm

Venue: Nair Welfare Association Office, Dombivli

## ഓണാശംസകൾ

### ഓൺലൈൻ വിവാഹ രജിസ്ട്രേഷന്

നായർ സമുദായത്തിൽപ്പെട്ടവർക്ക് മാത്രം വിവാഹം രജിസ്റ്റർ ചെയ്യുവാൻ
മുംബൈയിലെ ഡോംബിവ്‌ലി നായർ വെൽഫെയർ അസ്സോസിയേഷന്റെ

**www.nwadombivli.com**

എന്ന വെബ്സൈറ്റ് സന്ദർശിക്കുക. വിവരങ്ങൾക്ക് ബന്ധപ്പെടേ നമ്പർ:
ശ്രീ മുരളി നായർ (09967683225), ശ്രീ രാംദാസ് മേനോൻ (09321959383)

രജിസ്ട്രേഷൻ സൗജന്യം

With Best wishes from

# Vincent Tools

MANUFACTURER OF MOULD @ DIES

Plot No. 75/E, Near Plot No. 75-D, Govt. Industrial Estate, Charkop,
Kandivali (W), Mumbai-400 067
Tel.: 28688330. email: vincenttools@yahoo.co.in

# ശ്രീകൃഷ്ണ സ്മൃതി



**സി പി ഉണ്ണികൃഷ്ണൻ**
**മുള്ളുണ്ട്**

വൈവിധ്യമെത്രയാർന്നതാണ് ശ്രീകൃഷ്ണ വ്യക്തിത്വമെന്നു
ചൊല്ലാനും എഴുതാനും ആവതില്ല ഭുവനേ ഭക്തരേ!
ഗീതോപദേശകൻ, ധർമ്മസ്ഥാപകൻ, രാഷ്ട്രതന്ത്രജ്ഞൻ,
എല്ലാറ്റിനുമുപരി പ്രേമസ്വരൂപൻ, പ്രേമനായകൻ
ഗോപികമാർക്കുണ്ടോ വിശ്വശാസ്ത്രജ്ഞാനം ഏതെങ്കിലും എന്നാലും
യുഗതപസ്സുചെയ്തിട്ടു നേടാൻ കഴിയാത്ത നിഷ്കളങ്ക ഭക്തിയിലൂടെ
ഭക്തിമഹത്വം സകല ചരാചരങ്ങളിലും ദേവ ഭാവങ്ങളിലും കണ്ടു
ഒരേ ഈശ്വരനാണെന്നു അറിഞ്ഞു കൃഷ്ണനിലേക്കു അചഞ്ചല
ആത്മസമർപ്പണം ചെയ്യുന്ന യഥാർത്ഥ ഭക്തി അവരിലുണ്ടായി
ഓടക്കുഴൽ ബ്രഹ്മനാദത്തിലും രാസക്രീഡയിലും ഭഗവാനിൽ ലയിച്ചവർ
മുക്തിപ്രാപ്തിക്കായ് കലിയുഗേ വിധിച്ചിരിക്കുന്നത് ഗ്രന്ഥേ ത്രിമാർഗ്ഗമല്ലേ!
ഭക്തി, കർമ്മ, ജ്ഞാന മാർഗ്ഗങ്ങളിൽ ഏറ്റവും സുഗമം
ഭക്തി തന്നെയെന്നത് ഗോപവൃന്ദം നമ്മളെ പഠിപ്പിച്ചു
ഈശ്വരനില്ല രൂപമോ നാമമോ, നിർഗ്ഗുണൻ നിരാകാരനീശൻ
ആയതിനാൽ ഈശ്വരോപാസന എളുപ്പമല്ല മർത്ത്യരേ!
ഭക്തിയും ഏകാഗ്രതയും വളർത്താൻ ഏതെങ്കിലും ഈശ്വര രൂപത്തെ
മാനസേ പ്രതിഷ്ഠിക്കണമെന്നതിൽ സന്ദേഹമശേഷമില്ല.
അങ്ങനെ നമ്മൾ ഇഷ്ട ദേവതോപാസന നിത്യമൊന്നിൽ തന്നെ മുഴുകണം
ഗുരുവായൂർ വാഴും കരുണാമയനായ അംബുജാക്ഷ ഭാഗവാനേ!!
അങ്ങെന്നന്തരാത്മാവിൽ എപ്പോഴും കുടികൊള്ളണേ
ഉടൽവെടിയും വരെയെൻ പേനമുന ശ്രീകൃഷ്ണാമൃതം വരികൾ
എഴുതി അക്ഷരപുഷ്പാർച്ചനക്കായ് ശക്തി തരണേ ശ്രീഹരേ
മഞ്ഞപ്പട്ടുടുത്തു വനമാല ചാർത്തി രത്നങ്ങൾ പതിച്ച
കൈത്തളിരിൽ നിന്നൊഴുകും രാഗവിസ്താര ബ്രഹ്മാമൃതം
എൻ വരികളിൽ നിത്യം ശ്രവിപ്പിപ്പൂ അമ്പാടിക്കണ്ണാ പരംപൊരുളേ....


A.R.S. Das
Managing Director

**Sivadas Travel Service Pvt. Ltd.**

6, Kapadia Chambers, 599, J.S. Seth Road,
Marine Lines, Mumbai-400 002.
Email:sivadas@asia.com, sivadastrvl@yahoo.co.in
website:www.sivadastravel.com




Tel. : 22066767 / 4022 6767
Dombivli Contact: : 9821094991, 9320969213
Tele/Fax : 22066766



Best Wishes From

# MEDICARE PATHOLOGICAL LABORATORY

## 24 HRS. EMERGENCY SERVICE
## FULLY COMPUTERISED

**On Panel For: LIC**

**FREE HOME BLOOD COLLECTION**

ECG, Blood, Urin, Stool, Sputum, Thyroid Function Test and various other Pathological tests done here.

## Collection Centres:

Bdg. No. 15, Room No. 603,
Regency Estate,
Dombivli (E)

Shop No. 14 Ashapura Arcade,
P&T Colony, Gandhi Nagar
Dombivli (E)

## Main Lab:

Tukaram Niwas, Near Skharam Complex,
Shastri Nagar, Kopar Cross Road, Dombivli (W)-421 202
Tel.: 2488540, 2485683, 2485684.
Mobile: 9820034526 / 9820034584

## Lab Time:

**Monday to Sunday: 7.00 am. to 10.30 pm**

**Rajendran T.N. D.M.L.T.** **S.B. Dhande MD (Path)**

**EST.: 1994**

# കരുണയുള്ള കുരുന്നു മനസ്സ്

കഥ



ധനലക്ഷ്മി പ്രവീൺ കുറുപ്പ്

ജിംഗിൾ ബെൽ, ജിംഗിൾ ബെൽ കുട്ടികൾ മുറ്റത്തു നിന്ന് ആർത്തു വിളിയ്ക്കുകയാണ്. സൂസിയും, ബിജിയും, ജോസും, ലീലയും, ആലീസും, കുട്ടായിയും എല്ലാവരും ഉണ്ട്. എല്ലാ കുട്ടികളും ജോസിന്റെ അയൽപക്കകാരാണ്. എല്ലാവരും ഭംഗിയായി ഉടുത്തൊരുങ്ങിയിട്ടുണ്ട്. അവരവരുടെ വീടിന്റെ വാതുക്കൽ സോക്സ് തൂക്കിയിട്ടുണ്ട്.

ജിംഗിൾബെൽ പറഞ്ഞോണ്ട് സാന്താക്ലോസ് ഓരോ സോക്സിലും കുട്ടികൾക്കുള്ള സമ്മാനവും ചോക്ലേറ്റും എല്ലാം നിറച്ചുവെച്ചിട്ട് പോകും. 'എന്തു കളിപ്പാട്ടമാകുമൊ കിട്ടുക', അവർ തമ്മിൽത്തമ്മിൽ പറഞ്ഞു.

'ജോസേ, ഡ്രസ്സ് മോശമാകാതെ കളിയ്ക്കണേ', മമ്മി അടുക്കളയിൽ നിന്ന് വിളിച്ചു പറഞ്ഞു.

കുട്ടികളെല്ലാം അതുകേട്ടു ലീല പറഞ്ഞു 'എടാ ജോസേ നമുക്കു മറ്റത്തിലെ വീട്ടിലേക്കു പോകാം. അവിടെ ഒത്തിരി കുട്ടികളുണ്ടാകും. കുന്നുകയറി ഇറങ്ങാം. വേഗം ചെല്ലാമല്ലോ.

ബിജിയ്ക്ക് ഇഷ്ടമായില്ല 'പോവണ്ട. വിയർത്താൽ എന്റെ മുഖത്തെ പൗഡറും, റൂഷും, ലിപ്സ്റ്റിക്കും എല്ലാം പോകും. മമ്മി ബ്യൂട്ടീഷനെ വരുത്തിയാ എല്ലാം ചെയ്യിച്ചത്'.

'എന്റേം' ആലീസും പറഞ്ഞു 'മമ്മി എന്നെ പാർലറിൽ കൊണ്ടുപോയാ എല്ലാം ചെയ്യിച്ചത്. മമ്മി പറഞ്ഞിരിയ്ക്കുന്നത് ഈ വർഷം ഏറ്റവും നല്ല കുട്ടിയ്ക്കുള്ള സ്പെഷ്യൽ സമ്മാനം എനിയ്ക്കുതന്നെ കിട്ടുമെന്ന്'.

കുട്ടായിയ്ക്കു ചിരിവന്നു 'എടീ മടയീ. ഈ തണുത്തു കോച്ചുമ്പോൾ എങ്ങനാ വിയർക്കുന്നേ?'

'എന്നാവാ' എല്ലാവരും കൂടി കുന്നുകയറിയിറങ്ങി മറ്റത്തിലെ വീട്ടിലെത്തി. അവിടെയും എട്ടു പത്തു കുട്ടികളുണ്ടായിരുന്നു. എല്ലാവരും കൂടി ജിംഗിൾ ബെൽ പാടി ഡാൻസ് ചെയ്തു.

ആലീസിന് തിരിച്ചുപോകാൻ തിടുക്കമായി. 'വാ നമുക്ക് തിരിച്ചുപോകാം. അല്ലെങ്കിൽ സാന്താക്ലോസ്സ് വന്നിട്ടു തിരിച്ചു പോയാൽ ഏറ്റവും നല്ല കുട്ടിയ്ക്കുള്ള സമ്മാനം നമുക്കാർക്കും കിട്ടാതെ പോകും.

'ശരിയാ' എല്ലാവരും പറഞ്ഞു 'അങ്ങോട്ട് വഴിയേ പോകാം. കുന്നുകയറണ്ടാ'. അതും സമ്മതിച്ചു എല്ലാവരും ജിംഗിൾബെൽ പാടി ഡാൻസ് ചെയ്തു മുന്നോട്ടുപോയി.

രണ്ടാമത്തെ വളവു തിരിഞ്ഞപ്പോൾ ഒരു പ്രായം ചെന്ന സ്ത്രീ വഴിയരികിൽ കിടന്ന് ഞരങ്ങുന്നു. അവർ അടുത്തു ചെന്നു. ഇടയ്ക്കിടയ്ക്ക് വെള്ളം വെള്ളം എന്ന് ഒച്ചയില്ലാതെ പതുക്കെ പറയുന്നുണ്ട്.

'അവരു ചാകാൻ തുടങ്ങുവാന്നാ തോന്നുന്നെ' ജോസ് പറഞ്ഞു.

'വിഡ്ഢീ. ചത്തവർ വെള്ളം വേണമെന്ന് പറേമോ? ഞരങ്ങുമോ?' കുട്ടായി ചോദിച്ചു.

'നല്ല പോലെ ചത്തുകാണത്തില്ല ചത്തു ചത്തു വരുന്നേ ഒള്ളായിരിക്കും'. ലീല തിരുത്തി.

'എങ്ങനാ വെള്ളം കൊടുക്കുക. ഇവിടെ അടുത്തെങ്ങും വീടൊന്നും ഇല്ലല്ലോ?' ആലീസ് സങ്കടത്തോടെ പറഞ്ഞു.

'നിങ്ങളു വാ. ഇവിടെ കരഞ്ഞോണ്ടു നിന്നാ സാന്താക്ലോസ്സ് വന്നിട്ടുപോകും'. ജോസ് എല്ലാവരേയും വിളിച്ച് വേഗം വേഗം നടന്നുപോയി.

ആലീസിന് വല്യമ്മയെ ഇട്ടിട്ട് പോകാൻ തോന്നിയില്ല. അവൾ വഴിയരുകിൽ നിന്ന് ഒരു ചേമ്പിന്റെ ഇലപറിച്ച് കോട്ടിപ്പിടിച്ച് വഴിയരികിലെ ടാപ്പിൽ നിന്നും വെള്ളമെടുത്ത് കുറേശ്ശെയായി വായിലൊഴിച്ചു കൊടുത്തു.

വീണ്ടും ഓടിപ്പോയി വെള്ളം കൊണ്ടുവന്ന് കുറേ വായിലൊഴിച്ചു കൊടുത്തു. ബാക്കിവെള്ളത്തിൽ കുറച്ച് വല്യമ്മയുടെ മുഖത്തു തളിച്ചു. മുഖം കൈകൊണ്ട് തുടച്ചപ്പോൾ അവർ കണ്ണുതുറന്നു. ഒന്നും സംസാരിച്ചില്ല. ഞരങ്ങുകയും കരയുകയും ചെയ്തുകൊണ്ടിരുന്നു.

'ഇനി എന്താചെയ്യുക. അടുത്തെങ്ങും ഒരു വീടുപോലുമില്ല. കർത്താവേ'. അവൾ മനസ്സിൽ ദൈവത്തിനെ വിളിച്ചു. പെട്ടെന്ന് അവൾക്ക് അവളുടെ പോക്കറ്റിൽ കിടക്കുന്ന മൊബൈലിനെക്കുറിച്ച് ഓർമ്മവന്നു. അത്യാവശ്യം വന്നാൽ മാത്രം വിളിയ്ക്കാൻ പപ്പാ കുറച്ച് നമ്പർ തന്നിട്ടുണ്ട്. വേഗം നമ്പർ തപ്പിയെടുത്തു. ഇടവകയിലെ വലിയ അച്ചന്റെനമ്പരായിരുന്നു. അച്ചൻ ഫോണെടുത്തപ്പോൾ വിറച്ചുകൊണ്ട് അവൾ പറഞ്ഞു 'അച്ചാ, ഞാൻ ആലിസ് കുട്ടിയാ. ഇവിടെ റോഡരികിൽ ഒരു വല്ല്യമ്മച്ചി എന്തോപറ്റിക്കിടക്കുന്നു. അടുത്തെങ്ങും ആരുമില്ല. എനിയ്ക്കും പേടിയാകുന്നു. അച്ചൻ വേഗം വാ' അവൾ സ്ഥലം പറഞ്ഞുകൊടുത്തു. അടുത്തത് പഞ്ചായത്തു മെമ്പറും, ക്ലാസ്സ് ടീച്ചറും, ഹെഡ്മാസ്റ്ററും, ഗവർമ്മെന്റ് ഹോസ്പിറ്റലിലെ ഡോക്ടറും ആണ്. അവൾ എല്ലാവരേയും വിളിച്ചു.

വഴിയിൽ നിന്ന് ഉച്ചത്തിൽ കരഞ്ഞുവിളിച്ചു 'ആരെങ്കിലും ഓടി വരണേ.. സഹായിക്കണേ...'

കുന്നിന്മേൽ റബറുവെട്ടിക്കൊണ്ടിരുന്നവർ കേട്ടു. ഫോൺ കിട്ടിയവരെല്ലാം വേഗം വന്നു. ആമ്പുലൻസ് വരുത്തി വല്യമ്മയെ അതിൽ കിടത്തി ഓടിച്ചുപോയപ്പോഴാണ് അവളുടെ കരച്ചിൽ നിന്നത്.

സാന്താക്ലോസ് വന്ന് എല്ലാവർക്കും സമ്മാനം കൊടുത്തു. കുട്ടായി പറഞ്ഞു 'ആലീസും കൂടെ ഉണ്ട്. വഴീൽ ഒരു വല്ല്യമ്മച്ചി മരിയ്ക്കാൻ തുടങ്ങുന്ന കണ്ടിട്ട് അവർക്ക് വെള്ളമെല്ലാം കൊടുത്തുകൊണ്ട് അവിടെ നിൽക്കുവാ. ഞങ്ങളു വിളിച്ചിട്ടുവന്നില്ല'.

സാന്താക്ലോസ്സ് കുട്ടികളേയും കൂട്ടി വേഗം അവിടെ എത്തി. വിവരങ്ങളെല്ലാം അറിഞ്ഞു. ടീച്ചർ പറഞ്ഞു 'ഈ കൊച്ചുകുട്ടിയുടെ അറിവുകൊണ്ടാണ് അവരുടെ ജീവൻ രക്ഷപ്പെട്ടത്'. ഹെഡ്മാസ്റ്റർ പറഞ്ഞു. 'ഞങ്ങളുടെ സ്കൂളിന്റെ അഭിമാനമാണ് ഇവൾ. സ്കൂളു തുറക്കുന്ന ദിവസം കുട്ടികളേയും രക്ഷകർത്താക്കളേയും വിളിച്ചുവരുത്തി അവളെ ഞങ്ങൾ ആദരിയ്ക്കും'.

ഇടവകയിലെ അച്ചൻ പറഞ്ഞു 'അടുത്ത ഞായറാഴ്ച ഞങ്ങൾ പള്ളിവകയായിട്ട് ഇവളെ ആദരിയ്ക്കും' പഞ്ചായത്ത് മെമ്പറ് പറഞ്ഞു 'ഞങ്ങൾ ഉടനെ തന്നെ പഞ്ചായത്ത് വിളിച്ചുകൂട്ടി അവളെ ആദരിയ്ക്കും'.

സാന്താക്ലോസ്സ് ശരിയ്ക്കും ഒരു പ്രസംഗം തന്നെ നടത്തി. വിവരമറിഞ്ഞ് ധാരാളം ആൾക്കാർ അവിടെ എത്തി. പേപ്പർ റിപ്പോർട്ടർമാർ വന്ന് അവളുടെ ഫോട്ടോ എടുത്തു.

സാന്താക്ലോസ്സ് ചുവന്ന കോട്ടിന്റെ കീശയിൽ കൈ ഇട്ട് സ്വർണ്ണക്കുരിശോടുകൂടിയ ഒരു വലിയ സ്വർണ്ണമാല എടുത്ത് ആലിസിന്റെ കഴുത്തിലിട്ടുകൊടുത്തു. 'ഏറ്റവും നല്ല കുട്ടിയെ കണ്ടെത്തി സമ്മാനിയ്ക്കാനായിട്ട് മൂന്നു വർഷം ആയി ഞാൻ ഇതും കൊണ്ടു നടക്കുന്നു. ഇന്നാണ് നല്ല കുട്ടിയെ കണ്ടെത്തിയത്'.

കൂടി നിന്നവരെല്ലാം സന്തോഷത്തോടെ കൈയ്യടിച്ചു.

**കവിത**

# മനോജ്ഞ മോഹന കേരളം

കേരളം! കേരളം! കേരളം!
കൽപ്പ വൃക്ഷ ദേവഭൂമി കേരളം.
കനകാഭ കത്തിനിൽക്കും കേരളം
കാവ്യ ഭംഗിയിൽ കുളിച്ച കേരളം.

മലർവനിതൻ മന്ദഹാസ്സകേരളം
മനസ്സുകൾ മയക്കിടുന്ന കേരളം.
മനുജർ 'ദൈവഭൂമിയായി' വാഴ്ത്തിടും
മഹിമയുടെ മകുടമായ് കേരളം.

മാബലിപ്പൊന്നോണ ഭൂമി കേരളം,
മഹിത സംസ്കൃതി പിറന്ന കേരളം.
മോദമോടെ ദ്വാരകതൻ രാജനാം
മാധവൻ വിരുന്നുവന്ന കേരളം.

വിദ്യാവാച വിദ്രുമഭൂ കേരളം;
വിജ്ഞ ശങ്കരൻ ജനിച്ച കേരളം
വിപ്രനായ് കടൽ കൊടുത്ത കേരളം
വിശ്വ സംസ്കൃതി പുലർന്ന കേരളം.

കലകളുടെ ഹൃദയഭൂമി കേരളം,
കനിവെഴും മതേതരത്വം കേരളം.
കായലുകൾ കവിതപാടും കേരളം
കാഞ്ചനഭ്രമ പ്രഭ കേരളം.

ഹരിതഭംഗിയിൽ കുളിച്ച കേരളം
ഹരിവരാസനം ജപിച്ച കേരളം
ഹരിഹരന്റെ മകരദീപ ജ്യോതിതൻ–
ഹേമ ദീപ്തിയിൽ കുളിച്ച കേരളം.

കഥകളിതൻ ജന്മഭൂമി കേരളം,
കേളികൊട്ട് കേട്ടുണരും കേരളം.
കണ്ടു, കണ്ടു, നിൽക്കെ, കരളിലാകവെ
കവിതകൾതൻ കുളിരു കോരും കേരളം.



**കഴക്കൂട്ടം മോഹനചന്ദ്രൻ നായർ,**
**ഗുജറാത്ത്**



WITH THE BEST COMPLIMENTS FROM

# EXCEL STATIONERS & PRINTERS

Offset Printing ● Tradle Printing ● Screen Printing ● Four Color Offset Printing
Computer Pre-printed Stationery

**114/118, Cavel Street, 7, Manek Bhuvan, Mumbai-400 002**

WITH THE BEST COMPLIMENTS FROM

# RAJU KAPADIA / ANKIT KAPADIA

Risk Management & Consultant for Life & General

| | | | | | |
|---|---|---|---|---|---|
| Cell | : | +91 9892131343 | Work 2 | : | +91 22 65343900 |
| Work 1 | : | +91 22 22617337 | Fax | : | +91 22 22617331 |

Email: kapadia.ankit@gmail.com / rajukapadia@gmail.com



*With Best Compliments From*

# पुनम ज्वेलर्स

Shop No. 2, Namdev Villa, Maruti Mandir Chawl,
MIDC Road, Takurli (East)
Mobile: 9890733154 / 9561535663







ആശംസകളോടെ

# സുനിൽ പ്രസാദ് & ഫാമിലി



**EVERYDAY 9.00 AM TO 3.00 PM**
**EXCEPT: WEDNESDAY & SATURDAY**

**WEDNESDAY**
at
Shree Alpanakavu
Ayyappa Temple
Sakinaka, Mumbai

**SATURDAY**
at
Shree Ayyappa Temple
Airoli,
Navi Mumbai



With best compliments from...

# ASTROLOGY

**Shri. K. S. Rajan Panicker** is available for Astrological Consultation (Jyotisham, Prasnam, Horoscope, Porutham, Muhurtham etc.)
at **NAIR WELFARE ASSOCIATION**
Nav Deepthi CHS, Opp. Madhavi School,
Near Ponnu Guruvayoorappan Temple, Dombivli (E).

**FOR MORE DETAILS**
**CONTACT: 0251-240 7996**
**MOBILE: +91 98334 32318 /**
**+ 91 93232 83620**



കഥ



# പേരക്കുട്ടി



**ലക്ഷ്മി കുറുപ്പ്**

‘കൊച്ചിലമ്മേ. ഇങ്ങോട്ടുവന്നേ‘ കൊച്ചുമോൻ മുത്തശ്ശിയെ വിളിച്ചു.

ദാ വരുന്നു കണ്ണു ശരിയ്ക്കു കാണാത്ത ഞാൻ തപ്പിത്തടഞ്ഞു ചെല്ലുമ്പോഴേക്കും അവനു ദേഷ്യമാകും.

‘എന്താടാ‘

എത്രനേരമായി വിളിച്ചിട്ട് കൊച്ചീലമ്മയ്ക്ക് കുറച്ചുകൂടി വേഗം നടന്നുകൂടെ?‘

ഞാൻ നിന്നോട് എത്രപ്രവശ്യമായി പറയുന്നു കൊച്ചീലമ്മേന്നു വിളിയ്ക്കരുതെന്ന്. ഞാനിപ്പം ഇവിടെയല്ലേ. കൊച്ചീലമ്മേ കോഴിക്കോട്ടമ്മേന്നൊക്കെ വിളിയ്ക്കാൻ.

കോഴിക്കോട്ടമ്മ ചത്തുപോയില്ലേ. നല്ല അമ്മയായിരുന്നു. എന്നാലും സ്നേഹമില്ലായിരുന്നു. പോയിട്ട് ഒരു പ്രാവശ്യം പോലും തിരികെ വന്നില്ലല്ലോ. മുത്തശ്ശിയ്ക്കു ചിരി വന്നു. ഒന്നുമറിയാൻ പ്രായമാകാത്ത കുട്ടി. കൊച്ചീലമ്മ എന്തിനാ ചിരിയ്ക്കുന്നെ?

‘എടാ നീ എന്നെ അമ്മേന്നു വിളിച്ചാ മതി. നിന്റെ മമ്മി അങ്ങനെയല്ലേ വിളിയ്ക്കുന്നേ?‘

‘കൊച്ചീലമ്മേടെ നാട് കൊച്ചിയല്ലേ‘

‘അതേ‘

‘അതുകൊണ്ടാ അങ്ങനെ വിളിയ്ക്കുന്നത്. നാടിന്റെ പേരുകൂട്ടി വിളിയ്ക്കുന്നത് പ്രൗഢാണെന്ന് ഡാഡി ഇന്നാള് പറഞ്ഞല്ലോ‘

‘എനിയ്ക്കിഷ്ടമല്ല. ഡാഡിയെ അങ്ങനെ വിളിച്ചോ‘

എന്താ കൊച്ചീലമ്മേ ഇങ്ങനെ പറയുന്നത്. നോക്ക് വേളാംകണ്ണിമാതാവ്, ഗുരുവായൂരപ്പൻ, പന്തളത്തു രാജാവ് എന്നൊക്കെ പറയുന്നത് നാടിന്റെ പേരുകൂട്ടിയല്ലേ‘

‘ഭഗവാനെ ഇതെന്തൊരു കുട്ടിയാ. കൊഞ്ചപറച്ചിൽ മാറീട്ടില്ല. എന്നിട്ടും വായിൽ കൊള്ളാത്ത വിവരങ്ങളാ പറയുന്നത്‘

‘കൊച്ചീലമ്മേ, കോഴിക്കോട്ടമ്മ എന്നാ ഇനി വരണെ‘ ‘കോഴിക്കോട്ടമ്മ മരിച്ചു പോയതല്ലേടാ‘

‘ചത്തുപോയിക്കഴിഞ്ഞാലും നേരം കിട്ടുമ്പം വരാലോ?‘

‘അങ്ങനെ വരത്തില്ല. വരാൻ പറ്റുകേല‘

ചത്തുപോയാൽ തിരിച്ചുവരാൻ ’ഗോഡ്’ സമ്മതിയ്ക്കത്തില്ല. കോഴിക്കോട്ടമ്മ ഇപ്പം ’ഗോഡിന്റെ’ അടുക്കലാ താമസിയ്ക്കുന്നത്.

‘കൊച്ചീലമ്മ ചത്തു പോകുവോ?‘

‘എല്ലാവരും ചാകും‘



'മുത്തശ്ശിയ്ക്ക് വേദ
നിച്ചോ?'
'നന്നായിട്ട് വേദനിച്ചു'
'എനിയ്ക്കും വേദനിച്ചു'
മുത്തശ്ശിയുടെ കണ്ണിൽ
കൂടി വെള്ളം വന്നു.
'കൊച്ചീലമ്മ കരയുവാ
ണോ. എന്തിനാ ക
രേണെ. ടീച്ചറു പറയുന്ന
പോലൊക്കെ ചെയ്യാ
ഞ്ഞിട്ടല്ലേ ഞാനങ്ങനൊ
ക്കെ ചെയ്തേ'

'കൊച്ചീലമ്മ എന്നാ ചാകുക?'
'പോടാ വായാടി. നീ എന്തിനാ എന്നെ വിളിച്ചേ?'
'ബാ. നമുക്കു കളിയ്ക്കാം'
'എന്തു കളിയ്ക്കാൻ?, എനിയ്ക്കൊന്നും വയ്യാണ്ടായി. നീ തനിയെ കളിച്ചാ മതി'
'അതെങ്ങനാ ടീച്ചർ ടീച്ചർ കളിയ്ക്കാനാ. കൊച്ചിലമ്മ ഈ സോഫയിലിരിയ്ക്ക്' അവൻ പിടിച്ചിരുത്തി.
'സ്റ്റാൻന്റപ്പ്' മുത്തശ്ശി പതുക്കെ എഴുന്നേറ്റു.
'സിറ്റ് ഡൗൺ' മുത്തശ്ശി ഇരുന്നു.
'സ്റ്റാന്റപ്പ് ടേൺ ലഫ്റ്റ്'
'എനിയ്ക്കു വയ്യടാ. ഞാനിവിടെ വെറുതെ ഇരുന്നോളാം'
'അതുപോര. ടീച്ചറു പറയുന്നതുപോലെ കേൾക്കണം' അവൻ സോഫയുടെ പുറകിൽ ചെന്ന് മുത്തശ്ശിയെ തലകൊണ്ടുതള്ളി. കാലേപ്പിടിച്ചു വലിച്ചു. 'എഴുന്നേൽക്ക്. എഴുന്നേൽക്ക്' അവന്റെ തലകൊണ്ട് മുത്തശ്ശിയുടെ തലയ്ക്കിട്ടൊരടി കൊടുത്തു. മുത്തശ്ശിയ്ക്കു നന്നായിട്ട് വേദനിച്ചു. അവനും വേദനിച്ചു. അവൻ താഴെയിരുന്ന് തലതിരുമ്മിക്കൊണ്ട് മുത്തശ്ശിയെ നോക്കി. മുത്തശ്ശിയും തലതിരുമ്മുകയാണ്.
'മുത്തശ്ശിയ്ക്ക് വേദനിച്ചോ?'
'നന്നായിട്ട് വേദനിച്ചു'
'എനിയ്ക്കും വേദനിച്ചു'
മുത്തശ്ശിയുടെ കണ്ണിൽകൂടി വെള്ളം വന്നു. 'കൊച്ചീലമ്മ കരയുവാണോ. എന്തിനാ കരേണെ. ടീച്ചറു പറയുന്നപോലൊക്കെ ചെയ്യാഞ്ഞിട്ടല്ലേ ഞാനങ്ങനൊക്കെ ചെയ്തേ'
'ഞാനെണീറ്റുപോകുവാ. ഇനി ഇവിടെ ഇരുന്നാൽ നീയെന്നെ ഉപദ്രവിയ്ക്കും'
'ചാകാൻ പോകുവാണോ?'
'അതേ'
'പിന്നെ വരത്തില്ലേ'
'ഇല്ല ഇനി ഇങ്ങോട്ടു വരത്തേയില്ല'
'കൊച്ചീലമ്മ എങ്ങും പോകണ്ട. ഞാനിനി ഉപദ്രവിയ്ക്കത്തില്ല. ഞാൻ കരയട്ടെ?'
'അതെന്തിനാ? എനിയ്ക്കല്ലെ വേദനിച്ചത്'
'ഇവിടെ ഇരുന്നോ. കളിയ്ക്കണ്ട. ഞാനിനി കൊച്ചീലമ്മയെ തൊടത്തില്ല. ഞാൻ തനിയെ കളിച്ചോളാം. അവനോടിപ്പോയി. ടേപ്പും കത്രികയും എടുത്തുകൊണ്ടുവന്നു. ടീപ്പോയിയുടേയും അവന്റെ സ്റ്റൂളിന്റേയും എല്ലാം അളവെടുത്തു'
'എടാ കത്രിക ഇങ്ങുതന്നേരെ. അതുകൊണ്ടൊന്നും ചെയ്യണ്ട. ഞാനകത്തുകൊണ്ടെ വെച്ചോളാം'
'വേണ്ട കൊച്ചീലമ്മ ശ്രദ്ധിയ്ക്കത്തില്ല. കാലേലോ മേത്തോ ഒക്കെ വീഴും. ഞാൻ കൊണ്ടുപോയി മമ്മീയുടെ തയ്യൽ പെട്ടിയിലിട്ടേക്കാം' അവൻ കത്രികകൊണ്ടെ വെച്ചിട്ട് തിരികെ വന്നു.
വലിയ മേശയ്ക്കു മുകളിൽ ഉരുണ്ടുകേറി. മേശ ചരിഞ്ഞു മറിഞ്ഞു. ഒച്ചകേട്ട് മുത്തശ്ശി തപ്പിത്തടഞ്ഞ് ചെന്നു. 'എന്താടാ പറ്റിയത്?'
'ഞാൻ വലിയ മേശേൽ കേറിയതാ അളവെടുക്കാൻ. മേശമറിഞ്ഞു പോയി'
'നിന്നോടെത്ര പ്രാവശ്യം പറഞ്ഞട്ടൊണ്ട് അത് ബാലൻസില്ലാത്ത മേശയാണ്, കേറരുതെന്ന്. നിനക്കു വല്ലോം പറ്റിയൊ'
'ഇല്ല, എന്റെ നിക്കറുകൊറെ കീറിപ്പോയി. സാരമില്ല, ഞാനതുമാറി വേറെ ഇട്ടു. പല്ലൊരു ശകലം ഇളകീന്നാ തോന്നുന്നെ. സാരമില്ല. ഞാനതു ശരിയായി വച്ചു'
'നീ എങ്ങനാ പല്ലുനേരെ വയ്ക്കണെ. നീ ഡാക്കുറല്ലല്ലോ, ചോരവന്നോ?'
'ഇല്ല, കൊച്ചിലമ്മ പേടിയ്ക്കണ്ട. എനിയ്ക്കൊന്നും പറ്റിയില്ല'
'ഡാഡി വന്നാ തല്ലുവോ'
'ചിലപ്പം തല്ലു കിട്ടും, കൊച്ചീലമ്മ ആ മേശ ഒന്നു പൊക്കി നേരെ വച്ചേരെ. ഞാൻ കൂടെ പിടിയ്ക്കാം'
'നിനക്കു വെശക്കുന്നില്ലേ. വന്നു കഴിയ്ക്ക്. മമ്മി ചപ്പാത്തീം കറിം പ്ലേയിറ്റിൽ വിളമ്പി അടച്ചു വച്ചിട്ടാ പോയത്'
'എനിയ്ക്കിന്നു ചപ്പാത്തിവേണ്ട. ദോശമതി'
വൈകീട്ട് മമ്മി വരുമ്പം ദോശ ഉണ്ടാക്കിത്തരും'
'എന്നാ ഞാനിന്നു കഴിയ്ക്കുന്നില്ല. എണീയ്ക്ക് എണീയ്ക്ക് ദോശ ഒണ്ടാക്കിത്താ' ശരീരത്തിന്റെ നാലു ഭാഗത്തുംചെന്ന് തലവച്ചിടിയ്ക്കാൻ തുടങ്ങി.
'എടാ എനിയ്ക്കു വേദനിയ്ക്കുന്നു. ഞാൻ നാട്ടിലെങ്ങാനും പോകുവാ. എനിയ്ക്കു വയ്യ നിന്നെ വളർത്താൻ' 'തിരികെ വരത്തില്ലേ'
'ഇല്ല. നിന്നെ വല്ല ബേബി സിറ്റിങ്ങിലും ആക്കാൻ പറയും'
'വേണ്ട... വേണ്ട... കൊച്ചീലമ്മേ. ഞാനൊന്നും ചെയ്യത്തില്ല. നാട്ടില് പോകണ്ട'
'എന്നാ നീ പോയി ചപ്പാത്തി തിന്ന്'
'എനിയ്ക്കു വേണ്ട' മുത്തശ്ശി തപ്പിത്തടഞ്ഞ് അടക്കളയിൽ ചെന്ന് രണ്ടു ദോശ ചുട്ടു . 'തേങ്ങണ്ട ടാ... ദോശയുണ്ടാക്കി. കൊണ്ടു

പോയി തിന്ന്'
അവനോടി വന്നു 'അയ്യേ... ഇതു സാധാരണ ദോശയാ. ഇതു ഞാൻ തിന്നത്തില്ല. എനിയ്ക്കു കടലാസു ദോശമതി'
'കണ്ണുകാണാതെ ഞാനെങ്ങനെയാ അതൊക്കെ ഉണ്ടാക്കുന്നത്. ദേഷ്യം വന്നിട്ട് എനിയ്ക്കു കരച്ചിലുവരുവാ' മുത്തശ്ശി ഗൗരവത്തിൽ പറഞ്ഞു.
'കരച്ചിലു വരുന്നോ? വേണ്ട... വേണ്ട... കൊച്ചീലമ്മ കരയണ്ട. അവനോടി വന്ന് ദോശയെടുത്തു കൊണ്ടുപോയി ചട്ടിണിപോലും എടുക്കാതെ തിന്നു.
ഒരു മണിയായി. ക്ലോക്കടിയ്ക്കുന്നതുകേണ്ടു. ഇനി ഞാനൊന്നു പോയി നടു നിവർത്തട്ടെ. മുത്തശ്ശി മുറിയിലേയ്ക്കുനടന്നു.
'വേണ്ട.. വേണ്ട... കൊച്ചീലമ്മ കെടക്കണ്ട. ഞാൻ തനിച്ചാകും. ഇവിടെ സോഫയിലിരി'
'എടാ. എന്റെ നടൂവളഞ്ഞുപോകും. ഇത്തിരി നേരമൊന്ന് കിടന്നിട്ടുവരാം'
'വേണ്ട വേണ്ട... നടു വളഞ്ഞോട്ടെ. കൊച്ചീലമ്മ കൂനി കൂനി നടക്കുന്നതു കാണാൻ നല്ല ചന്തംണ്ട്. എനിയ്ക്കതിഷ്ടവാ. പോകണ്ട'
അതു ശ്രദ്ധിയ്ക്കാതെ മുത്തശ്ശി സാവധാനം എഴുന്നേറ്റ് മുറിയിൽ കട്ടിലിൽ പോയി കിടന്നു. നീണ്ടു നിവർന്ന് കണ്ണടച്ചു. അവനെ തന്നെ ഇട്ടിട്ട് കണ്ണടച്ചു കിടക്കാനും പേടി ഉണ്ട്.
'കൊച്ചീലമ്മ ഉറങ്ങിയോ'
'ആ ഉറങ്ങി. നീയും ആ സോഫയിൽ കിടന്ന് കുറച്ചുനേരം ഉറങ്ങ്'
'എനിയ്ക്കുറങ്ങണ്ട. എന്നാൽ നീ ഇരുന്ന് പടം വരയ്ക്ക്'
'എന്തു പടം?'
'മുത്തശ്ശി സോഫേലിരിയ്ക്കുന്ന പടം'
'ഞാനിപ്പം വരച്ചോണ്ടു വരാം. അവനോടിപ്പോയി. വരച്ചു തീരാൻ പത്തു മിനിട്ടെടുത്തു മുത്തശ്ശി ഒന്നു മയങ്ങി അവനോടിവന്നു.
'കൊച്ചിലമ്മേ കൊച്ചീലമ്മേ. ദേ.. പടം വരച്ചത് നോക്ക്'
മുത്തശ്ശി കണ്ണുതുറക്കാതെ പറഞ്ഞു 'ഇതത്ര ശരിയായിട്ടില്ല കുറച്ചുകൂടി ശ്രദ്ധിച്ച് നല്ലതായിട്ടൊരെണ്ണം വരയ്ക്ക്'
അവനോടിപ്പോയി. വീണ്ടും പത്തു മിനിട്ടു കഴിഞ്ഞ് ഓടിവന്നു.
'കൊച്ചീലമ്മേ... ദേ ഞാൻ നന്നായിട്ടു വരച്ചു'
'നീ അതവിടെ വച്ചേക്ക്. ഞാൻ പിന്നെ കണ്ടോളാം'
'അതുവേണ്ട. എണീയ്ക്ക്. ഒറങ്ങണ്ട. ഞാൻ തനിച്ചാകും. എണീയ്ക്ക്. അവൻ കട്ടിലിൽ വലിഞ്ഞു കയറി. മുത്തശ്ശിയുടെ വയറ്റത്തിരുന്നു.
'എടാ.. എനിയ്ക്കു ശ്വാസം മുട്ടുന്നു. എണീയ്ക്ക്'
'എണീയ്ക്കത്തില്ല. കൊച്ചീലമ്മ എണീയ്ക്ക്. ഒറങ്ങണ്ട'
അവൻ മുത്തശ്ശിയുടെ കൺപോളകൾ രണ്ടും വലിച്ചുപിടിച്ച് കണ്ണു തുറക്കാൻ നോക്കി.
'എനിയ്ക്കു വേദനിയ്ക്കുന്നു. പോ... പിശാചെ'
അവർ അവനെ താഴോട്ടു തള്ളിയിറക്കി. അവൻ വീണുപോയി. അവനു സങ്കടം വന്നു.
'കൊച്ചീലമ്മ അവിടെ കിടന്നോ. വേണെ ഉറങ്ങിക്കോ. ഞാൻ തന്നെ കളിച്ചോളാം' വില്ലും അമ്പും എടുത്തുകൊണ്ട് അവൻ ഡ്രോയിംഗ് റൂമിലേയ്ക്ക് പോയി. കൊച്ചീലമ്മേ. ഞാൻ ശ്രീരാമനാ. ബോയും ആരോയും എടുത്തു കളിയ്ക്കുവാ'
'ങാ... കളിച്ചോ. ടി.വി. യേലും ലൈറ്റേലും ഒന്നും കൊള്ളരുത്'
'ഇല്ല'
കുറച്ചു കഴിഞ്ഞപ്പോൾ അടുക്കളയിൽ എന്തോ വീണുടയുന്ന ശബ്ദം കേട്ടുണർന്നു.
'എടാ വികൃതി. നെനക്കുവല്ലോം പറ്റിയോ?'
'ഇല്ല കൊച്ചീലമ്മേ. ഞാനിങ്ങു മാറിയാ നിന്നെ, കൊച്ചീലമ്മ അടുക്കളേയിലേക്ക് വരണ്ട. കട്ടിലേൽ തന്നെ കിടന്നോളു'
'എന്താവാ താഴെ വീണുപോട്ടിയത്?'
'അതേ, ആ വലി അച്ചാറിന്റെ കുപ്പിഭരണിയാ. അത് തനിയെ താഴെ വീഴുകാരുന്നു. പിന്നെയാ പൊട്ടിയത്'
'അതെങ്ങനെയാ. തനിയെ വീഴുന്നത്?'
'എന്റെ 'ആരോ' മോളിലത്തെ തട്ടിലോട്ടുപോയി. മമ്മി തുണിഉണക്കാനിടുന്ന കമ്പുകൊണ്ടുവന്ന് ഞാൻ 'ആരോ തട്ടിതട്ടി കൊണ്ടു വരുവാരുന്നു. അപ്പഴില്ലേ കുപ്പിഭരണിയും ഒപ്പമൊപ്പം വന്നു. എന്നിട്ട് തനിയെ താഴോട്ടുവീണു. എന്നിട്ടാ പൊട്ടിയെ'
മുത്തശ്ശി സാവധാനം എഴുന്നേറ്റു. അച്ചാറും പോയി, ഭരണീം പൊട്ടി.
'പാവം നിന്റെ മമ്മി നേരമില്ലാതെ വിഷമിയ്ക്കുന്നതിനിടയ്ക്കാ ഇതൊക്കെ ഉണ്ടാകുന്നത്. ഇനി ഓഫീസിൽ നിന്നു വന്നാൽ അവക്കെത്ര ദുരിതവാ. കുപ്പിച്ചില്ലും എണ്ണേം മുളകും എല്ലാം അടുക്കള നിറച്ച് നിരന്നും കിടക്കുവായിരിക്കും'
'കൊച്ചീലമ്മ പറഞ്ഞതുനേരാ. അങ്ങനെ തന്നാ കെടക്കുന്നെ. മമ്മി വരുമ്പം വീഴണ്ടാന്നും പറയണം. കേട്ടോ കൊച്ചീലേ. കൊച്ചീലമ്മ അങ്ങോട്ടെങ്ങും പോകണ്ട. ഇന്നെനിയ്ക്ക് പാലൊന്നും തരണ്ട. കൊച്ചീലമ്മ വെള്ളം കുടിയ്ക്കാനും പോകണ്ട. എല്ലാം മമ്മി വന്നിട്ടു മതി. കൊച്ചീലമ്മ എറങ്ങിപ്പോകാതെ ഞാൻ വാതിലടച്ചേക്കാം'
അവൻ കിടക്കമുറിയുടെ വാതിലടച്ചിട്ട് ഡ്രോയിംഗ്റൂമിലേയ്ക്കു പോയി. വാതിലിന് കുററീം കൊളുത്തുമൊന്നും ഇല്ലാത്തത് നന്നായി. ഭഗവാനെ അവളൊന്ന് വേഗം വന്നിരുന്നേ മതിയായിരുന്നു. ശരീരത്തിനും മനസ്സിനും ഒരു വിശ്രമവും ഇല്ല.
എല്ലാവരും പറയും നിങ്ങളുടെ കുട്ടിയെ നിങ്ങൾ വളർത്തി. ഇനി അവരുടെ കുട്ടിയെ അവരു വളർത്തട്ടെ. ഈ വയസ്സുകാലത്ത് മറ്റൊന്നും ചെയ്യണ്ട, വിശ്രമിയ്ക്ക് എന്ന്. ഇന്ന് അതൊരു പൊതുവർത്തമാനമായിട്ടുണ്ട്.
ഈ കുരുന്നിനെ വിട്ടിട്ട് എനിയ്ക്കു ജീവിയ്ക്കാൻ സാധിക്കത്തില്ല. എന്റെ സന്തോഷവും സുഖവുമെല്ലാം എന്റെ പേരക്കുട്ടിയാണ്.

■

## ആശംസകളോടെ



# എ. രാമചന്ദ്രൻ & ഫാമിലി

## താക്കുർളി

*With Best Wishes from*

## Efficient Engineers & Contractors Pvt. Ltd.

- Fabricators
- Fabrication contractors
- Structural Fabricators
- Mechanical Contractors
- Structural Steel Fabricators.

43/4 Sindhi Society, Chembur East, Mumbai-71

**Mobile: 9819954084**

## ഓണാശംസകൾ

### ഓൺലൈൻ വിവാഹ രജിസ്ട്രേഷന്

നായർ സമുദായത്തിൽപ്പെട്ടവർക്ക് മാത്രം വിവാഹം രിജിസ്റ്റർ ചെയ്യുവാൻ
മുംബൈയിലെ ഡോംബിവ്‌ലി നായർ വെൽഫെയർ അസ്സോസിയേഷന്റെ

# www.nwadombivli.com

എന്ന വെബ്സൈറ്റ് സന്ദർശിക്കുക. വിവരങ്ങൾക്ക് ബന്ധപ്പെടേ നമ്പർ:
ശ്രീ മുരളി നായർ (09967683225), ശ്രീ രാംദാസ് മേനോൻ (09321959383)

**രജിസ്ട്രേഷൻ സൗജന്യം**

ലേഖനം

# ഭയം



ഗോപൻ

നമ്മുടെ സ്വത്വത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള ഒരു വികാരമാണ് 'ഭയം'. ആശങ്കയിൽ നിന്നാണ് ഭയം ജനിക്കുന്നത്. തന്നെക്കൂടാതെ മറ്റൊരു വസ്തുവിന്റെ സാന്നിധ്യത്താൽ ആശങ്ക അഥവാ അമിത ആകാംക്ഷ ജനിക്കുകയും, അതുമൂലം സംശയവും, അതു ശക്തി പ്രാപിച്ച് ഭയം അഥവാ ഭീതി പടരുകയും ചെയ്യുന്നു.

പ്രാകൃത മനുഷ്യൻ, പ്രപഞ്ചശക്തികളായ ഇടിമിന്നൽ, കൊടുങ്കാറ്റ്, പേമാരി, പ്രളയം, എന്നിവയെ ഭയത്തോടെ കണ്ടിരുന്നു. ഈ അടുത്ത കാലഘട്ടം വരെ ഈ വക കാര്യങ്ങൾ, ഏതോ അദൃശ്യ ശക്തിയുടെ കോപം കൊണ്ടാണ് സംഭവിക്കുന്നത് എന്നും വിശ്വസിച്ചിരുന്നു. അറിവ്, ഭയത്തെ അകറ്റുമെന്നു നാം വിശ്വസിക്കുന്നുണ്ടെങ്കിലും പുതിയ പുതിയ കണ്ടുപിടുത്തങ്ങളും, അതിലെ അഭ്യൂഹങ്ങളും, ആധുനിക മനുഷ്യനിൽ ചെറിയ ഭീതിയെ ജനിപ്പിക്കുന്നതായി ശാസ്ത്രജ്ഞർ വിലയിരുത്തുന്നു.



ന്യായവും യുക്തിയുമില്ലാത്ത അസാധാരണ ഭയങ്ങളെ ഒരു രോഗമായിട്ടാണ് ആരോഗ്യരംഗം കാണുന്നത്. ഇടുങ്ങിയ വഴി, ഇരുട്ടുമുറി, പൊക്കമുള്ള സ്ഥലം, പുതിയ രോഗങ്ങൾ, തുടങ്ങിയവയെ പൊതുസമൂഹം ഭയപ്പെടുന്നു. വാഹനം ഓടിക്കാൻ ഭയപ്പെടുന്നവരും, വെള്ളത്തിൽ യാത്ര ചെയ്യാൻ ഭയപ്പെടുന്നവരും, പുതിയ സംരംഭങ്ങളെ സ്വീകരിക്കാൻ വിഷമിക്കുന്നവരും, സ്വയം പരിചയപ്പെടുത്താനോ, മനസ്സു തുറന്ന് സ്വന്തം അഭിപ്രായങ്ങളും, ആവശ്യങ്ങളും പറയാൻ കഴിയാതെ ബുദ്ധിമുട്ടുന്നവരും, സ്വയം നിന്ദ എന്ന ദുഃഖം അഥവാ ഭയം അനുഭവിക്കുന്നവരാണ്. മറ്റുള്ളവർക്ക് അംഗീകരിക്കാൻ കഴിയുന്ന വ്യക്തിത്വം തനിക്കില്ല എന്ന അപകർഷതാബോധം എന്ന ഭയം ഉള്ളവർ, സ്വന്തം പെരുമാറ്റത്തേയും, മറ്റുള്ളവരുടെ പെരുമാറ്റത്തേയും, അളന്നു മുറിച്ചു അപഗ്രഥിച്ച് , തങ്ങൾ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാണെന്ന് ചിന്തിക്കുന്നു. ഇവർ ഇത്തരം ഭയം കലർന്ന 'ലജ്ജ' ഒരു ശീലമായി വളർത്തി എടുത്ത്, ഈ സ്വഭാവ വൈകൃതത്തെ കീഴടക്കാനാവാതെ അതിലൂടെ ജീവിച്ച് മരിക്കുന്നു. പല നല്ല പ്രവൃത്തികളിൽ നിന്നും ഇവരെ പിന്തിരിപ്പിക്കുന്നത് , ഇവരിലെ ഈ ഭയമാണ്. സാധാരണ ഭയം പോലെ തന്നെ മനുഷ്യനിലെ മറ്റൊരു വൈകൃതമാണ് ഭയം കലർന്ന ഈ ലജ്ജ.

മിക്ക ഭയങ്ങളും, മിഥ്യാഭാവനയുടെ സന്തതികളാണ്. എന്നാൽ ഇവയെ അതിജീവിക്കുവാനാകാതെ അതിനു കീഴടങ്ങുവാനാണ് പലരും ശ്രമിക്കുന്നത്. ക്രിയാത്മകമായ , ഭയത്തിനു പ്രതികൂലമായതും, ശക്തിയായ മൂല്യബോധവുമുള്ള, ചിന്താധാരകൾ ബോധതലത്തിലേക്ക് ചെലുത്തിയാൽ ഇത്തരം ഭയത്തിൽ നിന്നും ക്രമേണ മുക്തി നേടാനാകും. കഴിഞ്ഞു പോയ കാലത്തിലേക്കു തിരിഞ്ഞു നോക്കിയാൽ മനസ്സിലാക്കാൻ കഴിയുന്നത് നമ്മുടെ ഈ ഭയങ്ങളെല്ലാം, സ്വയം നിർമ്മിച്ചതാണെന്നും, അതിന്റെ പിന്നിൽ യുക്തിരാഹിത്യമാണെന്നുമാണ്.

ഭയത്തിൽ നിന്നുള്ള മോചനം ലഭ്യമാകുക പരിപൂർണ്ണ യുക്തിബോധമുള്ള, ജ്ഞാനം ഒന്നുകൊണ്ടു മാത്രമാണ്. ഭയം, നിരാശ, വിഷാദം, ലജ്ജ, അപകർഷതാബോധം, തുടങ്ങിയ മാനസിക വൈകൃതങ്ങളെ അതിജീവിക്കാൻ ബുദ്ധിയിൽ ശക്തമായ, മുല്യബോധത്തെ ഉൾക്കൊള്ളേണ്ടതുണ്ട്. മനുഷ്യനെ നിർവീര്യനും, നിസ്തേജനുമാക്കുന്ന ഇത്തരം വൈകൃതം മനുഷ്യനിലെ പല നല്ല സാധ്യതകളേയും നിഷ്പ്രഭമാക്കിക്കളയുന്നു.

പരാജയഭീതി ഒരു മാനസിക സംഘർഷമാണ്. ഇത് മനസ്സിൽ കടന്നു കൂടിയാൽ മനുഷ്യൻ തന്റെ ധാർമ്മികമായ കർമ്മത്തിൽ നിന്നു സ്വയം പിന്തിരിയുന്നതായി കാണാം. ബിസിനസ് രംഗത്ത് ഇത് ധാരാളമായി കണ്ടു വരുന്നു. തോറ്റു പോകുമോ എന്ന ഭയം ഒരിക്കൽ മനസ്സിൽ ഇടം പിടിച്ചാൽ അതിനെ അതിജീവിക്കുവാൻ ഏറെ ബുദ്ധിമുട്ടേണ്ടി വരും. എത്രയോ പ്രാവശ്യം നിലത്തു വീണിട്ടാണ് ഒരു കുഞ്ഞ് സ്വയം നടക്കുവാൻ പഠിക്കുന്നത്. കുഞ്ഞിൽ ഒരിക്കലും ഭയം ഉണ്ടാകുന്നില്ല. രക്ഷിതാക്കളാണ് കുട്ടികളിൽ ഭയം കുത്തിവെയ്ക്കുന്നത്. ഓടല്ലേ, കയറല്ലേ, അതു ചെയ്യല്ലേ അങ്ങനെ ചെയ്യല്ലേ!! എന്നു പറഞ്ഞ് പേടി ജനിപ്പിക്കുന്നു. തോൽവിയെ പറഞ്ഞു പേടിപ്പിക്കാതെ വളർത്തുന്ന കുട്ടികളാണ് വലിയ വിജയങ്ങൾ നെയ്തു കൂട്ടുന്നത്. തോൽവി ഉണ്ടാകുമ്പോൾ നാം അതേ പറ്റി പഠിക്കുന്നില്ല. പരാജയത്തെകുറിച്ചു വിശകലനം ചെയ്തു പഠിക്കാതെ വിജയം എങ്ങനെ നേടാനാകും? അതു കൊണ്ട് ഭയം എന്ന വികാരം ഒഴിവാക്കുവാൻ ധൈര്യമാർന്ന മൂല്യങ്ങളെ സ്വായത്തമാക്കാൻ നമുക്കു ശ്രമിക്കാം.. ■


**Congratulation**



**Mr. Ayush Jayachandran Pillai,**

S/o our Member Mr. Jayachandran Pillai who achieved ;

**2nd prize for Acting & 1st prize for /Storyboarding in short film at S.K. Somaiya College BMM fest 2016**

**1st prize for Acting in short film at Anjuman-I-Islam College fest 2017**


കവിത

# അന്നും ഇന്നും

ഇ. ഹരീന്ദ്രനാഥ്



അന്ന്
പട്ടിണിയാണ്, എന്നാലും
മസ്തിഷ്ക്കത്തിനകത്തെ
വിശപ്പ് സഹിക്കാൻ പറ്റാത്തതിനാലാണ്
ചെളിപുരണ്ട, കൂർത്തുമൂർത്ത
ചെമ്മൺപാതയിലൂടെ നാഴികകൾ
താണ്ടിത്താണ്ടി പള്ളിക്കൂടത്തിൽ പോയത്.

കേട്ടെഴുത്തിൽ തെറ്റുവന്നാൽ
ചൂരൽ ചൂടുകഷായം..
ചൂട് തീരുംവരെ അടക്കിപ്പിടിച്ചു
കണ്ണീർ വാർക്കും..
അന്നൊന്നും പരാതിയോ,
പരിഭവമോ ഇല്ല..!

ഇന്ന്
വിശപ്പ് എന്താണെന്നറിയില്ല.
വിശപ്പുണ്ടെങ്കിൽ കഞ്ഞിക്ക് സ്വാദുണ്ട്...
വീട്ടിൽനിന്ന് സ്കൂളിലേക്കും
സ്കൂളിൽനിന്ന് വീട്ടിലേക്കും
വാഹനം കൂടിയേ തീരൂ..
പഠിപ്പില്ലെങ്കിലും കുഴപ്പമില്ല
ടൈയും കോട്ടും അരയിലൊരു പട്ടയും വേണം
എന്നാലേ സ്റ്റാൻഡേർഡുള്ളൂ..

അദ്ധ്യാപകർ ഒന്നു തോണ്ടിയാൽ മതി,
രക്ഷിതാക്കൾ പരാതിയുമായി
സ്കൂൾ അങ്കണത്തിൽ
കോമരം തുള്ളുന്നു
കുട്ടികളുടെ മുന്നിൽ.
കുട്ടികൾ വളരില്ല, വളയുകയേയുള്ളൂ.

# The Space



Aryan Pillai



**Rockets:** Rockets carry satellites and people Rockets burn fuel to produce a Jet of gas. The hot gas expands rapidly and blasts downwards causing a force (the thrust) to push the rocket up.

**Birth of the Rocket:** The first liquid-fuelled rocket was launched in 1926 by an American, Robert Goddard.

**The largest rocket in the World:** The Saturn V was the largest and most powerful rocket ever built. They were used 13 times between 1968 and 1972 including for the first landing.

**Types of Rockets :** Reusable Space Shuttles, Saturn V military rockets, Experimental rockets.

**Regular Launches:** Today, rockets such as Arian 5 are used to launch satellite which is a rocket's payload or cargo, whose size determines whether it is sent up by a small or large Rocket.

**Telescope:** People have looked at night Sky for thousands of years. This is called astronomy. Around 400 years ago, a special tool was invented to make the task easier. This tool is called Telescope. The first Telescope was invented by Hans Lippershey in 1608.

**NASA:** Space Badge : The American Space agency NASA awards astronaut service personnel and civilians who have flown more than 80 Km (50 miles) above the Earth's surface.

**Space Station:** It's a space laboratory that orbits Earth, operated by crews of astronauts who take turns living and working on it. Each crew stays for several weeks or months. Occasionally an astronaut has stayed a whole year.




With Best Compliments From

**Krishnakumar [Kannan]**

Mangeshi Dazzle-1,3 rd Floor,303,
Behind Mahalaxmi Darshan & Hariprasad
Darshan,Cholegaon, Thakurli- East,
Dombivli-421201

With Best Compliments From

Tel.: 0251-2439897
Mobile: 99671 90138

**SUJATHA M. NAIR**
INSURANCE ADVISOR

LIFE INSURANCE CORPORATION OF INDIA
Office: 927, Gulestan Bldg., 2nd Floor, Fort, Mumbai-400 001
Resi: B/20, Venkateshwara CHS Ltd., Near Jalaram Mandir, Thakurli (E) - 421 201.
Email: sunlic927@gmail.com





ആശംസകളോടെ
**രാമദാസ് മേനോൻ & ഫാമിലി**



**ഗോപാലകൃഷ്ണൻ നായർ**
**നാഗംകുളങ്ങര**

കവിത

# നുറുങ്ങു കവിതകൾ



ദുഃഖം ശമിപ്പിക്കും ശാസ്ത്രം
തോറ്റുപോയേക്കാം ഒരു പക്ഷേ ആ തോൽവി
തന്നെയും തോൽപ്പിക്കും പൊന്നുരുളി

---

രിപുവിന്റെ കോപം ധരിച്ചു ഭാഷ്യം ചെയ്‌വു
ദൈവമേ എന്നൊരു മിണ്ടൽ കേട്ടാൽ
എന്റെ സതീർത്ഥ്യന്റെമേൽ ചൊന്നപാകത
പാടെ കമഴ്ന്നു വീണുരുളി പോലെ
ഗതകാല മാനസം വിനകൾക്കു പാഠമായ്
അനപത്യതാ ഖേദവിള നൽകവെ
കൈകൾ വഴങ്ങി വണങ്ങിടാനായ് പിന്നെ
ശീലിച്ച ഭാഷ കമിഴ്ത്തിയിട്ടു

---

മണ്ണാറിയ ശാലയിൽ ഉരുളി കമിഴ്ത്തിയാൽ
കൊഴിയാതെ സ്വപ്നങ്ങൾ കനി ആയിടും
എന്നുള്ള വിശ്വാസം ഓലക്കുട ചൂടി
മാനസേ വാഴുന്നു അമ്മയെപ്പോൽ

---

പലവട്ടം ചൊല്ലി കരഞ്ഞു നിറുത്തുന്നു
ഉദര രോഗിക്കേകി കഞ്ഞി വെള്ളം
ഈ പൊടിക്കുഞ്ഞിനായ് അമ്പലത്തിൽ
ആദ്യ ചോറൂൺ നേർച്ച ബാക്കി നിൽക്കേ

---

ആശംസകളോടെ

**മാധവൻകുട്ടി നായർ &**
**ലേഖ മാധവൻകുട്ടി**

A-404, MITTAL CHS, THAKURLI EAST

ആശംസകളോടെ

LIC
भारतीय जीवन बीमा निगम
Mob.: 9870324345
Email : mohaco12@yahoo.co.in
**Mohan Nair**
Insurance Agent & Advisor
LIFE INSURANCE CORPORATION OF INDIA
भारतीय जीवन बीमा निगम
Office: Branch - 927, Gulestan Bldg., 2nd Floor, Opp. J.B. High School, M.D. Marg, Mumbai - 400 001.
Residence : 13, Neerabai Niwas, Post. Dombivali, Thakurli (E), Dist - Thane. Maharastra - 421201.
ORIENTAL INSURANCE CO. LTD. & STAR HEALTH
LIFE INSURANCE - A SYMBOL OF LOVE

ആശംസകളോടെ

**NARAYANAN KUTTY NAIR**
**& FAMILY**

E/102 MAHALAXMI DARSHAN ,
THAKURLI EAST

ആശംസകളോടെ

**SUJIT KUMAR**
**& FAMILY**

E/303, MAHALAXMI DARSHAN CHS,
THAKURLI EAST



കഥ

# പറന്ന് പറന്ന് പറന്ന്....



**കെ.പി. നായർ**

അനന്തവിഹാസയസ്സിൽ യഥേഷ്ടം വിഹരിക്കുന്ന പക്ഷികൾ...അവർ ആഹാരം ശേഖരിക്കുന്നില്ല. വെള്ളവും സംഭരിക്കുന്നില്ല! അവരുടെ നിലനില്പിന് ആവശ്യമായ വിഭവങ്ങളെല്ലാം പ്രകൃതിതന്നെ ഒരുക്കിയിട്ടുണ്ട്. അതിലവർ സംതൃപ്തരുമാണ്. മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്താൻ വേണ്ടി മാത്രമാണ് പക്ഷികൾ മരച്ചില്ലകളിൽ കൂടുകൂട്ടുന്നത്. കുഞ്ഞുങ്ങൾ വളർന്ന് വലുതായി ചിറകിട്ടടിച്ച് പറന്നുയർന്ന് പോകുന്നതോടെ കൂട്ടും ഉപേക്ഷിക്കപ്പെടുന്നു. എത്ര മനോഹരമായ അല്ലലില്ലാത്ത ജീവിതം!
അതി ബുദ്ധിമാനെന്ന് സ്വയം ഊറ്റം കൊള്ളുന്ന മനുഷ്യൻ വികസനത്തിന്റെ പേരിൽ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകിടം മറിക്കുന്നു. തത്ഫലമായി സംഭവിക്കുന്നതോ വനനശീകരണം, വായുമലിനീകരണം; ജലമലിനീകരണം മുതലായവ. ഇതുമൂലമുണ്ടാകുന്ന ഭവിഷ്യത്തിന് അവൻ മാത്രമല്ല പ്രകൃതിയിലെ മറ്റ് ജീവജാലങ്ങളും ഇരയായിത്തീരുന്നു. മരച്ചില്ലകളുടെ ദൗർലഭ്യം കാരണം പക്ഷികൾ കൂട്ടുകൂടാൻ വേണ്ടി അങ്ങിങ്ങ് പരക്കം പാഞ്ഞു നടക്കേണ്ട അവസ്ഥയാണ് സംജാതമായിരിക്കുന്നത്. മൃഗങ്ങൾ നാട്ടിലേക്കിറങ്ങി വരുന്നു. മനുഷ്യന് ഭീഷണിയായി. കുടിവെള്ളത്തിനായി ഗ്രാമീണർ നെട്ടോട്ടമോടുന്നു. എല്ലാവർക്കും ജീവിതം ദുസ്സഹമായിത്തീരുന്നു.
ഉയർന്ന കെട്ടിടത്തിന്റെ അവസാന നിലയിലുള്ള ഫ്ലാറ്റിന്റെ ബാൽക്കണിയിൽ നട്ടുവളർത്തിയിരിക്കുന്ന ചെടികൾക്കിടയിൽ രണ്ട് ഇണപ്രാവുകൾ പരസ്പരം കൊക്കുരുമ്മി ചിറകടിച്ച് ഉല്ലസിക്കുന്നു. കുറച്ചു ദിവസമായി അവർ ഈ പരിപാടി തുടങ്ങിയിട്ട്. നവദമ്പതിമാരെപ്പോലെ 'ഹണിമൂൺ' ആഘോഷിക്കാൻ അവർ കണ്ടുപിടിച്ച ഒരു സ്ഥലം! ചുരുങ്ങിയ ദിവസംകൊണ്ടുതന്നെ ബാൽക്കണി കൈയ്യേറി അവർ സ്വന്തമാക്കി. വിവിധ തരം നാരുകളും ഉണങ്ങിയ ചില്ലക്കമ്പുകളും മറ്റും ശേഖരിച്ച് കൊണ്ടുവന്ന് എത്ര എളുപ്പത്തിലാണ് അവർ ചെടികൾക്കിടയിൽ മനോഹരമായ ഒരു കൂടു കൂട്ടിയത്. എത്ര ഓടിച്ചിട്ടും അവറ്റകൾ പിന്മാറാൻ കൂട്ടാക്കുന്നില്ല.
ചെടികൾ വെള്ളമൊഴിക്കാൻ നേരത്ത് അവരുടെ ക്രൂദ്ധിച്ചുള്ള ഒരു നോട്ടം. ഇപ്പോൾ കൊത്തുമെന്ന് തോന്നും. പെൺപ്രാവ് കൂട്ടിൽ തന്നെ ഇരിപ്പുറപ്പിച്ചു. സൂക്ഷിച്ചു നോക്കിയപ്പോഴാണ് കണ്ടത് രണ്ടു

വെളുത്ത മുട്ടകൾക്കുമീതെ അടയിരിക്കുകയാണ് പുള്ളിക്കാരത്തിയെന്ന്! പകൽ മറ്റ് പ്രാവുകൾ വന്ന് അവളോട് കുശലാന്വേഷണങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കും. രാത്രി പാവം അവൾ ഒറ്റക്കുതന്നെ.



ഒരാഴ്ചക്കുള്ളിൽ മുട്ടവിരിഞ്ഞ് മഞ്ഞ നിറത്തിലുള്ള പൂടകളോടുകൂടിയ രണ്ടു കുഞ്ഞുങ്ങൾ പുറത്തുവന്നു കീ... കീ.. എന്ന് ഒച്ചവെച്ചു. കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്നതിൽ ആൺ പക്ഷിയും പെൺപക്ഷിയും അതീവ തല്പരരാണ്. ആഹാരം കൊണ്ടുവന്ന് രണ്ടു പേരുടേയും ചുവന്ന പിഞ്ചു കൊക്കിൽവെച്ചുകൊടുക്കും. എന്തൊരാക്രാന്തമാണെന്നോ കുഞ്ഞുങ്ങൾക്ക്! ഇപ്പോൾ തള്ളപ്പക്ഷിയും കുറേശ്ശെ പുറത്തുപോയിത്തുടങ്ങി. ഉടനെ തിരിച്ചുവരും. കാക്കക്കുമാത്രമല്ല പ്രാവിനും തൻകുഞ്ഞ് പൊൻകുഞ്ഞുതന്നെ!!

ഒരു ദിവസം രാത്രി കിളിക്കൂട്ടിൽ ചിറകടിക്കുന്ന ശബ്ദം കേട്ടു. ചെന്ന് നോക്കിയപ്പോൾ വലിയ രണ്ടു പക്ഷികൾ കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കുകയാണ്. കുഞ്ഞുങ്ങൾ ചിറകിട്ടടിക്കുന്നുണ്ടെങ്കിലും അല്പം ഉയർന്നിട്ട് താഴേക്കു വീഴുന്നു. പറക്കാൻ പഠിപ്പിക്കൽ അനുസ്യൂതം തുടർന്നുകൊണ്ടേയിരുന്നു. കുഞ്ഞുങ്ങൾ വളർന്ന് വലുതായി. മഞ്ഞനിറത്തിലുള്ള പൂടകൾ കൊഴിഞ്ഞു വീണു. ചാരനിറം പ്രത്യക്ഷപ്പെട്ടുതുടങ്ങി. കഴുത്തിന്റെ ഭാഗത്ത് ഗിൽറ്റ് ഇട്ടപോലുള്ള മിന്നിത്തിളക്കം. കാലുകൾക്ക് ചുവപ്പുനിറം. പ്രായപൂർത്തിയായി വരുന്നു. കൂട്ടിൽ നിന്നും ഇറങ്ങി ബാൽക്കണിയിൽ സാവധാനം ഉലാത്താൻ തുടങ്ങി. കുണുങ്ങിക്കുണുങ്ങി. ഞാൻ പേപ്പർ വായിച്ചുകൊണ്ടിരിക്കുമ്പോൾ അവർ തല ചെരിച്ച് എന്നെ സൂക്ഷിച്ചുനോക്കും. ചെടികൾക്ക് വെള്ളമൊഴിക്കുമ്പോൾ ഇപ്പോൾ പണ്ടത്തെപ്പോലെ ആക്രമിക്കാൻ വരാറില്ല. പരിചയപ്പെട്ടെന്ന് തോന്നുന്നു.

പുറത്ത് നല്ല ചൂട്. പക്ഷികൾക്ക് കുടിക്കാൻ ഞാനൊരു പാത്രത്തിൽ വെള്ളം നിറച്ചുവെച്ചു. എതാനും ഗോതമ്പു മണികളും ഇട്ടുകൊടുത്തു. കുറേ സമയത്തേക്ക് അവറ്റകൾ തിരിഞ്ഞുനോക്കിയില്ല! എന്റെ ഔദാര്യം വേണ്ടെന്നുവെച്ചിട്ടായിരിക്കും. ഞാൻ അവരുടെ ദൃഷ്ടിയിൽപ്പെടാതെ മാറിനിന്ന് അവരെ നിരീക്ഷിക്കാൻ തുടങ്ങി. രണ്ടുപേരും പതുക്കെ കുണുങ്ങിക്കുണുങ്ങി വെള്ളം വെച്ചിരിക്കുന്ന പാത്രത്തിനുടുത്തുവന്നു. നാലു പുറവും നോക്കി. ആരുമില്ലെന്ന് ബോധ്യം വരുത്തിയിട്ടാവാം കൊക്കുകൊണ്ട് പാത്രത്തിൽ നിന്നും ഓരോ തുള്ളി വെള്ളമെടുത്ത് മേല്പോട്ടുനോക്കി കുടിക്കാൻ തുടങ്ങി. ഏതാനും ധാന്യമണികളും കൊത്തിയെടുത്തു.

ഞാൻ ദിവസേന പാത്രം വൃത്തിയാക്കി വെള്ളം നിറച്ചുകൊണ്ടിരുന്നു. രണ്ടുപേരും പൂർവ്വസ്വത്ത് സ്വന്തം പേരിൽ പതിച്ചു കിട്ടിയതുപോലെ ബാൽക്കണി തന്റേതെന്ന ഭാവത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്താൻ തുടങ്ങി. ഞാൻ പേപ്പർ വായിച്ചുകൊണ്ടിരിക്കുമ്പോൾ ഇപ്പോൾ പേടികൂടാതെ അവർ അടുത്തുവന്ന നിൽക്കും. ബാൽക്കണി മുഴുവൻ കാഷ്ഠിച്ച് വൃത്തികേടാക്കിയിരിക്കുന്നു. ഞാൻ ബക്കറ്റിൽ വെള്ളം കൊണ്ടുവന്ന് എല്ലാം കുഴുകിക്കളഞ്ഞു. എന്നിട്ട് അവരെ നോക്കി പിറുപിറുത്തു. ഇവിടെ മുഴുവൻ വൃത്തികേടാക്കി നാശം. രണ്ടുപേരും എന്നെ രൂക്ഷമായി നോക്കി. വേഗം നടന്നുചെന്ന് വെള്ളം വച്ചിരിക്കുന്ന പാത്രം കൊക്കുകൊണ്ട് തട്ടിമറിച്ചിട്ടു. 'നിന്റെ ഔദാര്യം ഞങ്ങൾക്കുവേണ്ട' എന്ന മട്ടിൽ! വീണ്ടും എന്നെ ദേഷ്യത്തോടെ നോക്കിയിട്ട് അവർ പറന്നകന്നു. രണ്ടു ദിവസത്തേക്ക് അവറ്റകൾ തിരിഞ്ഞുനോക്കിയില്ല. എനിക്ക് ചെറിയ ദുഃഖം തോന്നി.

മൂന്നാം ദിവസം തിരിച്ചുവന്നിരിക്കുന്നു. പിണക്കം മാറിയെന്നു തോന്നുന്നു. പിന്നീടവർ ബാൽക്കണിയിൽ കാഷ്ഠിച്ചിട്ടേയില്ല.

വലുതായി ചിറകുവിരിച്ച് പറന്നുപോയിട്ടും ഇപ്പോഴും ഇടക്കിടക്ക് എന്നെ കാണാൻ വരും. പഴയ സൗഹൃദം പുതുക്കാനെന്നോണം. ഞാനും അവരിലൊരാളായിരുന്നെങ്കിൽ അനന്തവിഹായസ്സിൽ ചിറകുവിടർത്തി പറന്ന് പറന്ന് സഞ്ചരിക്കാമായിരുന്നു!! ■


Congratulations!!



**Master Avinash Rajesh Nair,**
S/o of Member Mr. Rajesh Kumar Menon participated State Level English Marathon 2017

*With Best Compliments From*

**Hiten D. Thakkar**
Director

**Jivika Agencies Pvt. Ltd.**
Claring • Forwarding • Transport

**Kanji Jadhavji & Co. Pvt. Ltd.**
Stevedoring • Shipping • Chartering

299, Narshi Natha Street, Masjid Bridge,
Mumbai-400 009

**Phone:** 2342 9709 / 2342 3725
2344 7768 / 2344 6903
**Fax:** (91-22) 2342 3725
**email:** jivikaagencies@gmail.com
**Mobile:** 98670 25075 / 93222 71894

*With Best Compliments From*

# JIVIKA FREIGHT

**Shipping, Freight Forwarding, Chartering, Freight Booking**

**299, Narshi Natha Street, Masjid Bridge, Mumbai - 400 009.**
**Fax : 91-22-2342 3725**
**Phone: 2342 9709, 2344 6903, 2344 7768, 2342 3725**
**email: jivikafreight@gmail.com**



**WITH BEST WISHES FROM**

**Bhaskar Lal**

ആശംസകളോടെ

**ഉണ്ണികൃഷ്ണൻ സി.**

ഫ്ലാറ്റ് നമ്പർ 204, മീനാക്ഷി കോപ്ലക്സ്
താക്കുർളി ഈസ്റ്റ്

ആശംസകളോടെ

# RAJENDRA MENON C. R.
# & FAMILY

**A-02, ORIENT CHS,THAKURLI EAST**



Kamal R. Pal
Mob.: 9892328991

# KALYANI JEWELLERS

SPECIALIST IN SOUT INDIAN
& MAHARASHTRIAN JEWELLERY

- Visi Scheme also available in our shop
- 916 HM/23 CT KDM ornaments from all over India will be available.

Shop No. 3 Laxman Villa Tower,
Near Gaondevi Mandir,
M.I.D.C. Road, Thakurli (E). 421 201

കവിത



ആനന്ദവല്ലി ചന്ദ്രൻ

# തെളിവുകൾ

ആഗോളസംസ്കൃതിക്കും, സുരക്ഷക്കും
വേണം തെളിവുകൾ ന്യായമായും.
നേരുകൾ ഊട്ടിയുറപ്പിക്കാൻ
നെയ്ത്തിരികളായി തെളിവുകൾ .

ജന്മസ്ഥലം, ജനനത്തിയ്യതി ,
വിദ്യാഭ്യാസം, മറ്റു യോഗ്യതകൾ....
അതെ, ഉണ്മകൾ, മോഹച്ചീളുകൾ
കരിന്തിരിയായി എരിയാനല്ല.

ഭൂതലത്തിലെ കാഴ്ചകൾ
ഞെട്ടിച്ചേയ്ക്കാം, കനലായി;
അന്തിപ്പട്ടിണി കിടന്ന്
ഉടുതുണി മാറ്റാനില്ലാത്തോർ.

കുന്നുകളും, മലകളും, കാടുകളും
തട്ടിനിരത്തി കോൺക്രീറ്റ്
സൌധങ്ങൾ തലയ്ക്ക് മീതെ,
ചൂടും, വിഷവായുവും ചുറ്റും.

കുഞ്ഞുങ്ങളെ മോഷ്ടിക്കുന്നവർ,
അബലകളെ പീഡിപ്പിക്കുന്നവർ
അമ്മമാരുടെ ഹത്യ നടത്തുന്നവർ
മിണ്ടാപ്രാണികളെ ഹനിക്കുന്നവർ.

രാജ്യാതിർത്തി കാക്കുന്ന ഭടന്മാരെ
നിർദ്ദയം ഹിംസിക്കുന്നവർ
നാട്ടിനെ തുണ്ടം തുണ്ടമാക്കി
വില പേശുന്നവർ, കാപാലികർ.

ഇവയ്ക്കൊക്കെയുള്ള ഉത്തരങ്ങൾ നാം
സംയമനത്തോടെ തേടേണ്ടെ?
നേരുകൾ ഊട്ടിയുറപ്പിക്കാൻ
നെയ്ത്തിരികളായി തെളിവുകൾ.

# സ്കൂൾ തുറന്നപ്പോൾ



രാജൻ കിണറ്റിൻകര



തറ, പറ, പന, പത
എഴുതി പഠിച്ചപ്പോൾ
ഞാൻ, സ്വയമൊരു
'തറ'യായി മാറി..

കാണുവാനില്ല
'പറ'യൊന്നും നാട്ടിൽ
നെല്ലില്ല, അരി ഇല്ല
ഹോട്ടലിൽ ഭക്ഷണം

'പന'യെന്തെന്നറിയില്ല
ഫ്ലാറ്റ് ജന്മങ്ങൾക്ക്
എങ്കിലും
'പത'യെന്തെന്നറിയാം
ബിയർ കുപ്പി
പൊട്ടുമ്പോൾ ...

'അ' എന്ന അക്ഷരം
ചൊല്ലിപ്പഠിക്കുവാൻ
അമ്മതൻ ചിത്രത്തെ
നോക്കിയ നാളുകൾ,
പുത്തൻ തലമുറ
'അ' പഠിക്കും മുന്നേ
ആൻഡ്രോയിഡ്
ഫോണിന്റെ
ഫീച്ചർ പഠിക്കുന്നു...

ഇല കാണിച്ചല്ലയോ
അന്ന്, ഞാൻ
'ഇ' എന്തെന്നറിഞ്ഞത്
ഇന്ന്, 'ഇ' മെയിലിലല്ലയോ
ലോകം കറങ്ങുന്നു...

ഒരുമയിൽ നിന്നാണ്
'ഒ' എന്ന് പഠിച്ചത്
ഒരുമയെന്തെന്ന്
അറിയുന്നില്ലാർക്കും
'ഒ' എന്നാൽ ഒറ്റയെന്ന്
ചൊല്ലി പഠിക്കുന്നു
'ഉ' എന്ന അക്ഷരം
ഉറി കെട്ടി വിവരിച്ചു
ഇന്ന് ഉറിയില്ല, കയറില്ല
ഉള്ളത് പറഞ്ഞൊന്നു
ഊറി ചിരിക്കുവാൻ..

എരുമയെ നോക്കി ഞാൻ
'എ' എന്നെഴുതുമ്പോൾ
കവലയിൽ ടാക്കീസിൽ
'എ' പടമാണെന്ന്
ചൊല്ലി പഠിക്കുന്നു
വാട്സ് ആപ്പ് കുട്ടികൾ...

# *With Best Compliments From*



**Vikas G Mahtre**
Corporator



**Kavita Vikas Mahtre**
Corporator

With Best Compliments from



**SPECIALIST FOR REEFER CONTAINER AND REGULAR MOVEMENT OF IMPORT / EXPORT CARGO AND OVER**

# M/S. SAIRAJ LOGISTICS

A-305, Steel Chamber, Steel Market Yard, Kalamboli,
Navi Mumbai-410 218
Contact Person: Mr. Ishwar R. Patil
Mobile: 8652203007 / 8652203004


AIMS
WE ARE THERE
SINCE 11 YEARS
WE'VE BEEN STANDING BY YOUR SIDE
Complete Healthcare Under One Roof
150 Bedded Super Speciality Hospital.
24x7 Cardiologist, Trauma & Stroke Team.
24x7 Emergency Care.
Comprehensive Cancer Care - Radiation Oncology, Medical Oncology & Surgical Oncology.
Level III Neonatal Intensive Care Unit.
Siemen's 3rd Generation CT Scan
20 Bedded Dedicated Dialysis Unit.
Hearing Test, Speech Therapy.
Preventive Health Check Up.
Cashless Hospitalization Available.
AIMS
WE ARE THERE
Asian Institute of Medical Sciences
Super-Specialty Hospital
NABH & ISO Accredited
AIMS Hospital, Dombivli
Tel.: 0251-2475000/1/5, Fax : 0251-2475003
enquiry@aimshospital.co.in, www.aimshospital.co.in
Emergency No.: 7506274959


VISA
VISA LOGISTICS PRIVATE LIMITED
CHA NO: AACCV33973ECH001(11/1720)
One Stop Logistic Solutions
International Freight Forwarders
Exim Consultants
Customs Brokers
For more details please contact :
Mr. Bimal S Sayta - 9833818215 / Mr. S. Nair - 9833818219
Office: 421, Laxmi Plaxza, Laxmi Industrial Estate, New Link Road , Andheri (W) Mumbai 400053
Tel: 26396142 / 263 96143 Fax:26396144 E-Mail visafrt@vsnl.com /visalogbby@gmail.com / visacargo@gmail.com
Website: www.visalogistics.in
Vital Information for Sea and Air

With Best Compliments From

T.N.V. PILLAI
09773343258

# D.M. ELECTRICALS

**Manufacture & Dealers In:** Variable Transformer (Dimmerstat).
Transformer, Automatic & Servo Voltage Stabilizer, Super Enamelled Coper Wire & Allied Electricals

**Room No. 2/B, 2nd Flr., Esmail Building, 33 Pathkwadi, Mumbai-2**
**Email: dmelectricals@ymail.com Tel: +91 22 22054540 Fax: +91 22 30037149 Talk Free: *149**

MECO

# MANOJ

**VASUDEVAN PILLAI**
Mobile : 9967235102

INDUSTRIAL HEATING ELEMENTS (Tubular Custom made in SS304,316, Incoloy, Titanium, Immersion, Acid, Alkaline, Lead Bonded, H. D. Catridge, Finned, Strip, Mica, Infrared Elements, Hot Plates & Kanthal Wires etc.

**Auto Transformers • Voltage Stabilizers • Servo • UPS • Energy Regulator (Thermotrol) & Thermostat**

Esmail Building, Room No. 2/B, 2nd Flr., 33 Pathkwadi, Mumbai-2
Email: manojelectric97@gmail.com Tel.: 022 22113082 / 49137149 TalkFree: *082 / *149



With Best wishes from

# Sree Krishna Caterers

Dombivli (East)-421 201

We undertake A to Z arrangement for all occasions

Specialist in: South Indian & Punjabi Dishes, Buffet Lunch & Dinner

**Panel Caterers for Thakur Hall, Horizon Hall & Sree Varad Sidhivinayak Hall**

**Mobile : 9004668558 / 9969562643 / 9821447569**
**Tel. : (0251) 2425800 / 2881304 / 2821436**

കവിത

# പുതുവത്സരം

പുതുവത്സരം പിറ-
നെന്നിലും, മോഹത്തിന്റെ-
പുളകാങ്കുരങ്ങളാൽ
ഗ്രാമത്തിൻ മുഖത്തിലും!

പരമാനന്ദാനുഭൂ-
തികളാം നവോഢകൾ
വരമാലികാ സുമം
ചൂടുമീയുഷഃ കാലേ,
പകലോൻ സ്വർണ്ണത്തേരി-
ലെഴുന്നള്ളവേ, രാഗ-
സരിപൂരിതാഞ്ചല-
മണിഞ്ഞാൾ, വസുന്ധര!
നീലവാഹിനികളിൽ
വിടരും ചെറുപുഷ്പ-
മാലകളനുരാഗ-
ലോലരായ് കടാക്ഷിക്കേ;
തൂമന്ദഹാസത്തിൻ പൂം-
പാലൊളി പ്രസരിത-
സോമരശ്മികൾ, നവാ-
ഹ്ലാദമായുദിക്കയായ്....
ചിരിക്കും പകലുകൾ
ഗാനമോതുന്നു, നീളും-
നിരത്തിലലയടി
യുയർന്നൂ, ഹർഷോന്മാദം.
പുതുവത്സരാദ്യപ്പൊൻ-
പൂമൊട്ടേ, പ്രഫുല്ലമായ്
നിതരാം പ്രകാശിക്ക,
മുകരാൻ ഞങ്ങൾക്കെന്നും

പുതുമജ്ജയിലാർന്ന
ശക്തിയും, ചുടുചോര-
പതയും സിരകളു-
മെത്തട്ടേ പുതുദിനം!

ചന്ദനച്ചാറിൽ മുങ്ങി
ഗന്ധവാഹിയായ്, സ്വർണ്ണ-
സിന്ദൂരപ്പുംപട്ടുക-
ളണിഞ്ഞു, മന്ദാനിലൻ!
നവമാം വിഭാതത്തിൽ
പ്പിറന്നു പറക്കുമീ
പവിഴക്കിളികളേ
നുകരൂ സുധാമൃതം!
വാരിത്തൂകുവിൻ നിങ്ങൾ
മാരിവിൽ വർണ്ണങ്ങളെ
പാരിനെ നയിക്കുന്ന
ശാന്തിയായ്, പരത്തുവിൻ
പാടുവിൻ നിങ്ങൾ, സ്നേഹ-
മന്ത്രങ്ങൾ ധരാതലം
തേടുന്ന ചിരന്തന-
ശാന്തിതൻ, ഗീതാമൃതം....
ഞാനൊന്നു ശ്രമിച്ചോട്ടെ-
യൊത്തു ചേരുവാൻ, നമ്മ-
ളീ നവയുഗത്തിന്റെ
ദീപമായ്, വിരാജിക്കാൻ
സമത്വ സാഹോദര്യ,
സ്വാതന്ത്ര്യ മധുവൂറും
സുമരാജികൾ വിരി-
യിക്ക നീ വിഭാതമേ...!



നിരണം കരുണാകരൻ


WITH BEST WISHES FROM

"Gokulam Nursary & Jr. KG"

Nair Welfare Association Office, G/2/3, Nav Deepti CHS Ltd,
Opp. Madhavi School, Rajaji path, Dombivli East
(Bhadhuri R. Nair, Mob : 9820733457 / 982993457)

With Best wishes from

**Mohandas P.**
Director
+91 98203 37297

# Dhanya Corporation

Standard : ISO 9001 : 2008 Certified

**SPECIALIST IN: D.G.SETS, SUB-STATION &
ALL OTHER ELECTRICAL AND
MECHANICAL INSTALLATIONS**

C-604, Sudama Complex, Raju Nagar, Ganesh Nagar,
Dombivli West, Thane - 421202 Maharashtra.
Phone : 0251-3222881 Mobile : 9820337297 / 9920499427
email: dhanyacorp@rediffmail.com web: www.dhanyacorporation.com

## SAD DEMISE



**Shri. P. Venugopal Menon**

**Ex- GC Member, Nair Welfare Association**



കാറ്റും മഴയും കലപിലകൂട്ടി
തകർത്തു പെയ്യുന്നു.
നദികൾ! തോടുകൾ! പുഴകൾ!!
കായലുകൾ നിറഞ്ഞു കവിയുന്നു.
ചടു ചടെ ചടു ചടെ ഇടിതകർത്തതാ
മഴ വീണ്ടും പെയ്യുന്നു.
മഴയിൽ തെങ്ങുകൾ വടവൃക്ഷങ്ങൾ
കടപുഴകി വീഴുന്നു.
കടൽപ്പുറങ്ങളിൽ തിരകൾ അങ്ങിനെ
ആർത്തിരമ്പുന്നു.
കൊച്ചു കൊച്ചു കൂരകൾ തിരകളിൽ
അലിഞ്ഞു ചേരുന്നു.
മീൻപിടിത്തോണിയും കൂട്ടരുമാ
തിരകളിൽ താഴ്ന്നുപോകുന്നു.
ഇടിയിൽ മഴയിൽ ആർത്തനാദം
അമർന്നു പോകുന്നു.
നിറഞ്ഞതോട്ടിൽ കുട്ടികളങ്ങനെ
നീന്തി രസിക്കുന്നു.
വീടുകൾതോറും കുളങ്ങളങ്ങനെ
നിറഞ്ഞു കവിയുന്നു.
നമ്മുടെ പറമ്പിലപ്പോൾ
ചെറുമീനുകളങ്ങനെ തുടിച്ചു തുള്ളുന്നു.
കുഞ്ഞിത്തോർത്താൽ കുട്ടികളങ്ങനെ
മീൻപിടിക്കുന്നു!
ചേമ്പിൻ തണ്ടാൽ കുടയും ചൂടി
കുട്ടികൾ സ്കൂളിൽ പോകുന്നു.
തകർത്ത മഴയിൽ കൂട്ടരുമൊത്ത-
ങ്ങാർത്തു രസിക്കുന്നു.
മഴയെക്കണ്ടാൽ തവളകളങ്ങനെ
'ക്രോം ക്രോം' കരയുന്നു
മഴപെയ്യുമ്പോൾ ചീവീടുകളങ്ങനെ
നാമം ചൊല്ലുന്നു!
പുതുമഴയിലങ്ങനെ
പുതു നാമ്പുകൾ പൊട്ടിമുളയ്ക്കുന്നു.
വരണ്ടുകീറി വരഞ്ഞപാടം
നിറഞ്ഞു പതയുന്നു.
മഴമഴമഴമഴ 'മഴയോടങ്ങനെ'
തിമിർത്തും പെയ്യട്ടെ!



**ഷീല എസ്. മേനോൻ**

**കവിത**




LIC
**M. Unnikrishnan Nair** Te.: (M) 9892201988
**Member Branch Manager's Club**
*Agents Code No. 04444934*
**PAN CARD SERVICE AVAILBALE**
**LIFE INSURANCE CORPORATION OF INDIA**
**Off.** Br. No. (934), "Shreeji Krupa", Karnik Rd., Kalyan (W)-421301
**Resi.:** E-003, Sai Ashirwad CHS, Nr. Marthoma Church, Bhopar Rd., Deslipada, Dombivli (E)-421204. Email: unniknair4@gmail.com



സുരേഷ് നായർ

# കണ്ണന്റെ മുമ്പിൽ...

ഗുരുവായൂരമ്പല നടയിൽ ഞാനെത്തുമ്പോൾ
പുലരിപ്പൊൻ വെട്ടം പരന്നിരുന്നു.

അമ്പലമുറ്റത്തുലാത്തുന്ന കാർവർണ്ണൻ
ഗൂഢസ്മിതത്തോടെയെന്നെ നോക്കി!
'അല്ലാ, യീ വഴിയൊക്കെയോർമ്മയുണ്ടോ, നിന്നെ-
ക്കണ്ടിട്ടൊരുപാടു നാളായല്ലോ!'

മറുപടിയൊന്നും പറയാതെ ഞാനപ്പോൾ
കുമ്പിട്ടു താണു വണങ്ങി നിന്നു!

ഇനിയെന്തു പറയും പീതാംബരൻ എന്തൊരു-
സന്ദേഹത്തോടെ ഞാൻ നിൽക്കുന്നേരം
പറയുന്നു ഗോപികാ വല്ലഭൻ, ഒട്ടൊരു-
പരിഭവത്തോടെയെൻ മിഴിയിൽ നോക്കി.
'എന്തേ, നീയിപ്പോഴെഴുതുന്നതില്ലല്ലേ
എന്നെ സ്തുതിക്കുന്ന വരികളൊന്നും?'

മറുപടി പറയാതെ, കണ്ണന്റെയിളകുന്ന
പീലിത്തിരുമുടി നോക്കിനിൽക്കേ
പറയുന്നു കേശവൻ സ്നേഹാർദ്രരൂപേണ
എന്റെ മുഖത്തേയ്ക്കൊന്നുറ്റുനോക്കി.
'ഇന്നു ഞാൻ നിന്നുടെ തൂലികത്തുമ്പിലൊരു
കവിതയായ് വന്നു പിറക്കട്ടെയോ?'
'ആകട്ടെ!'യെന്നു പറഞ്ഞു ഞാൻ
ആഹ്ലാദമുള്ളിലൊതുക്കി, യൊതുങ്ങി നിന്നു.....
കണ്ണനൊരു കള്ളച്ചിരി ചിരിച്ചൂ, എന്റെ-
ഉള്ളിലൊരു 'കൃഷ്ണസ്തുതി' പിറന്നു!
അപ്പോൾപ്പറയുന്നു മാധവൻ 'നിന്നുള്ളിൽ
എന്നെക്കുറിച്ചെന്നും ചിന്തവേണം!'
എന്നെയോർമ്മിക്കുന്ന ഭക്തർക്കും ഞാനെന്നും
ശക്തിസ്വരൂപമായ് കാവൽ നിൽക്കും!

വീണ്ടുമാ കള്ളച്ചിരി ചിരിച്ചൂ കണ്ണൻ
സായൂജ്യമെന്നുള്ളിൽ പൂത്തുലഞ്ഞു!
കൃഷ്ണസ്തുതിയിൽ നീർലീനമെൻ മാനസം
നിർവൃതിപൂണ്ടൊരാ ധന്യവേള!

ഗുരുവായൂർ നിന്നു തിരിക്കുമ്പോഴുച്ചിയിൽ
മദ്ധ്യാഹ്നസൂര്യൻ ജ്വലിച്ചിരുന്നു!



കെ.ജി.കെ. നായർ,
തിരുനാഗംകുളങ്ങര

# നേർച്ച ബാക്കി നിൽക്കെ

സന്താനമില്ലാത്ത ദമ്പതിമാരുടെ
ഖേദം ഹരിയ്ക്കുന്ന വൈദ്യം
തോറ്റുപോയിടാം ഒരു വേള, യാതോൽവി
തന്നെയും തോൽപ്പിയ്ക്കും പൊന്നുരുളി.

രിപുവിന്റെ ക്രോധം ധരിച്ചു ഭാഷ്യം ചെയ്വു
ദൈവമേ! എന്നൊരു മിണ്ടൽ കേട്ടാൽ
എന്റെ സതീർത്ഥ്യന്റെ മേൽചൊന്നപാകത
പാടേ കമിഴ്ന്നു വീണുരുളിപോലെ.

ഗതകാല മാനസം വിനകൾക്ക് പാടമായ്
അനപത്യതാ ഖേദവിളനൽകവെ,
കൈകൾ വഴങ്ങി വണങ്ങിടാനായ്, പിന്നെ
ശീലിച്ച ഭാഷ കമഴ്ത്തിയിട്ടു.

മണ്ണാറിയ ശാലയിൽ ഉരുളി കമഴ്ത്തിയാൽ
കൊഴിയാതെ സ്വപ്നങ്ങൾ കനി ആയിടും,
എന്നുള്ള വിശ്വാസം ഓലക്കുടചൂടി
മാനസേ വാഴുന്നു അമ്മയെപ്പോൽ

പലവട്ടം ചൊല്ലിക്കരഞ്ഞു നിറുത്തുന്നു
'ഉദരരോഗിക്കേകു കഞ്ഞിവെള്ളം'
ഈ 'പൊടി-ക്കുഞ്ഞി'നായ് അമ്പലത്തിൽ
ആദ്യ ചോറൂൺ നേർച്ച ബാക്കിനിൽക്കേ

'തടസ്സമിതത്രേ' ശ്രവിച്ചു ഡോക്ടർ,
ആശങ്കയേൽക്കും പിതാവിൽ നിന്നും
സന്നിഗ്ധഘട്ടമതിൽപെട്ടു കേഴവേ
ഭഞ്ജനം ചെയ്കയോ മാമൂലിതെ?

നിഷ്പ്രഭം ആക്കുവാൻ പ്രകൃതി ഇനിയുമോ?
നിഷ്ക്കളങ്ക ഭാവ-ജന്യ നിഷ്ഠം.
ഇല്ലില്ല കാറ്റിൻ വരുതിക്ക് തെന്നുന്ന
കാർമേഘമെന്നപോൽ ഉവ്വാവിപോയ്.

*Best Compliments from*

**Tel.:** 0251 - 2870231
**Mobile:** 9870159199
**Res.:** 0251 - 2452920

**Shobhana Radhakrishnan**
Jt. Managing Director

**SOLAR RESINS PVT. LTD**
(Mfrs. of UNSATURATED POLYESTER RESINS)

Email: solarresins@gmail.com
Regd. Off. & Works:
D-38, M.I.D.C. Phase II, Dombivli (E) - 421 204, Thane - INDIA



**കൃഷ്ണകുമാർ നമ്പൂതിരി**

**മേൽശാന്തി**
**കമ്പൽപാഡ, അയ്യപ്പക്ഷേത്രം**

**കേരളീയ ആചാരപ്രകാരമുള്ള**
**എല്ലാ പൂജാദി കർമ്മങ്ങൾക്കും സമീപിക്കുക.**

**KRISHNA KUMAR NAMBOOTHIRI**

A-303, Dharmaraj Kripa C.H.S., Ayodhya Nagar
Manpada Road, Dombivli (E)
Cell: 09769596401

കവിത





എരുമക്കുഴി
കൊച്ചുകുഞ്ഞുപിള്ള

# മാർഗ്ഗമില്ലണ്ടെത്തുവാൻ

ആയിരത്തഞ്ഞൂറിനപ്പുറം വിളങ്ങുന്ന
ഓമനത്തിങ്കൾക്കുടം കണ്ടതാണിന്ത്യൻ റെയിൽവേ
ഇത്രനാൾ ഭൂഗർഭത്തിൽക്കൂടെ ഭാരത റേൽവെ
തീർക്കുവാൻ തുനിഞ്ഞെങ്കിൽ സാദ്ധ്യമായിരുന്നേനെ
എങ്കിലെന്തഴിമതി മൂർത്തമായൊരീ നാട്ടിൽ
തൻകാര്യം കുതിയ്ക്കുന്നു, ഞൊണ്ടുന്നു പൊതുകാര്യം

എത്രയോ ഉദ്യോഗസ്ഥർ, കുട്ടികളദ്ധ്യാപകർ
നിത്യവും പോവേണ്ടുന്ന പ്രാപ്തരാം തൊഴിലാളർ
കൃത്യതപാലിയ്ക്കാത്ത വണ്ടികൾ വരുന്നത്
കാത്തുകാത്തസ്വസ്ഥരായ് തപ്തമാക്കുന്നു ചിത്തം!
എത്രമങ്കമാർ നിദ്രാഹീനരായ് ദുഃഖാർത്തരായ്
രാത്രികൾ കഴിയ്ക്കുന്നു നിത്യമീയിൻഡ്യൻ മണ്ണിൽ

നീയുമെൻ പങ്കാളിയായ് ഇൻഡ്യതൻ സന്താനമായ്
ആ പെരുമാത്മാക്കളോടൊത്തു ചേരുകെൻ മുത്തേ

ഇത്രയെ എനിയ്ക്കാവൂ, നേരുവാനെന്നോമനേ
എത്ര ഞാൻ കൊതിച്ചാലും, മാർഗ്ഗമില്ലണ്ടെത്തുവാൻ

# ആശംസകളോടെ



# MRS. & MR. JAYAKRISHNAN NAIR

**403, SITA CHS, Saraswat Colony,**
**Dombivli East, 421201**

# Chemtrols Valves

**Created to conquer ......!**



*Engineered Solutions for Flow Control :*

- *Trunnion Mounted Ball Valves*
- *Floating Ball Valves*
- *Metal Seated Ball Valves*
- *Electrically or Pneumatically Actuated*
- *Triple Offset Butterfly Valves*
- *Sleeved Plug Valves*
- *Dual Plate Check Valves*
- *Gas Over Oil Actuated*

**Glorious 40+ Years In the Service of Oil & Gas, Chemical and Hydrocarbon Processing Industries**

Chemtrols

Engineering | Projects | Manufacturing | Technology

**Chemtrols Industries Pvt. Limited**

Powai, Mumbai - 400 072, India

Tel.: +91 (22) 67 15 12 00  Fax: + 91 (22) 28 57 19 13  email: chemtrols@chemtrols.com

കഥ

# അവനിപ്പോഴെത്തും....





മോഹൻ സി. നായർ

ഉത്തമൻ ശരിക്കും ഉത്രാടപാച്ചിലിൽ തന്നെയായിരുന്നു. മുതലാളിയുടെ വഴക്കുകളെല്ലാം പതിവുപോലെ നിശബ്ദനായി കേട്ടുകൊണ്ട് പുറത്തിറങ്ങുമ്പോൾ അവസാനത്തെ വണ്ടിയിൽ കയറാനായുള്ള വെപ്രാളമായിരുന്നു. തിരക്ക് കാരണം ഉച്ചയ്ക്ക് വാങ്ങിയ പൊതിചോറ് പോലും കഴിച്ചില്ല. അമ്മയ്ക്ക് കൊടുത്ത വാഗ് ദാനം, ഓണത്തിന് തലേന്ന് രാത്രിയിൽ തന്നെ എത്തിക്കോളാം എന്നാണ്.

ഉത്തമന്റെ അമ്മ നല്ലൊരു തൂശനില തുടച്ചു വൃത്തിയാക്കി ഇലയുടെ അറ്റത്ത് ഉപ്പും മധുരവും വിളമ്പി 'എന്റെ മകനിപ്പോഴെത്തും' എന്ന് ആത്മഗതം ചെയ്തു.

വിളക്കണഞ്ഞു പോയ വഴിയിലൂടെ ഉത്തമൻ ബസ് സ്റ്റോപ്പിലേക്ക് വേഗം നടന്നു. ഓണമാഘോഷിക്കുവാനുള്ളവർ എല്ലാം ഇപ്പോൾ വീടെത്തിയിട്ടുണ്ടാകും.

തീരെ വയ്യെങ്കിലും തന്റെ മോനുവേണ്ടി ഒരു നല്ല സദ്യ ഒരുക്കുവാൻ കഴിഞ്ഞതിൽ ആ അമ്മ സന്തോഷിച്ചു. കുടിക്കുവാനുള്ള ജീരക വെള്ളവും, ഗ്ലാസും ഇലയുടെ അരികിൽ എടുത്തു വെച്ച് അമ്മ വീണ്ടും വാതിലിലൂടെ ദൂരേക്ക് മിഴി നട്ടു.

അവസാനത്തെ ബസ്സ് വരാൻ സമയമായി, അവൻ നടത്തത്തിനു വേഗം കൂട്ടി. അപ്പോഴാണ് വഴിയരികിൽ നിന്നും ഒരു ഞരക്കം കേട്ടത്. നോക്കിയപ്പോൾ പ്രായമായ ഒരു സ്ത്രീ, ഏതോ വണ്ടി ഇടിച്ചിട്ടതാണ്, രക്തവൃത്തത്തിൽ കിടക്കുന്നു, കണ്ണുകളടച്ചു കിടന്നു ഞരങ്ങുകയാണ്.

പെട്ടെന്നാണ് അമ്മ ഓർത്തത്, അവന് ഏറ്റവും ഇഷ്ടപ്പെട്ട പപ്പടം കാച്ചിയില്ലല്ലോ എന്ന്. എഴുന്നേറ്റ് വീണ്ടും അടുക്കളയിലേക്കു പോയി.

എല്ലാവരെയും പോലെ വേണമെങ്കിൽ കാണാത്ത മട്ടിൽ പോകാം. പക്ഷെ, തൻറെ അമ്മയുടെ പ്രായമുള്ള ഒരു സ്ത്രീയാണ് കിടക്കുന്നത്. പച്ചക്കറികളും മറ്റുമടങ്ങിയ ഒരു സഞ്ചി അടുത്ത് കിടപ്പുണ്ട്. തന്നെ പോലെ ഒരു മകനെ പ്രതീക്ഷിച്ച് സദ്യ ഒരുക്കുവാൻ വാങ്ങിയതാവും.

ഒരു ചെറിയ സദ്യക്കുള്ള എല്ലാ വട്ടങ്ങളും ഒരുക്കിയെന്ന

അഭിമാനത്തോടെ അമ്മ വീണ്ടും മകനെ കാത്തിരുന്നു.

ആശുപത്രിയിൽ അവരുടെ കട്ടിലിന്നരികിൽ ഡോക്ടറെ കാത്തിരിക്കുമ്പോൾ ഉത്തമൻ, തന്നെ കാത്തിരിക്കുന്ന തന്റെ അമ്മയുടെ കാര്യം മറന്നു പോയിരുന്നു. പഞ്ഞിയെടുത്തു മുഖത്ത് പറ്റിയിരിക്കുന്ന രക്തത്തിന്റെ പാടുകൾ തുടച്ചു മാറ്റുമ്പോൾ അവർ പതുക്കെ ചുണ്ടുകളനക്കി. വെള്ളം ഒഴിച്ച് ഇല കഴുകി, തോർത്ത് കൊണ്ട് തുടച്ച് വൃത്തിയാക്കി ഇനി എല്ലാം തയ്യാർ എന്ന ഭാവത്തിൽ അമ്മ ഒന്ന് നിശ്വസിച്ചു.

'വെള്ളം' എന്നാണവർ പറഞ്ഞത്, തന്റെ ബാഗിൽ നിന്നും കുപ്പിയെടുത്ത് അവരുടെ ചുണ്ടിലേക്ക് പതുക്കെ ഇറ്റിച്ചു കൊടുത്തു.

ഇലയുടെ അരികിലെ ഗ്ലാസ്സിലേക്ക് അമ്മ വെള്ളം ഒഴിച്ച് വെച്ചു. ഇത്രയും വൈകില്ല, ഇനിയും വൈകില്ല, എന്റെ പൊന്നുമോൻ, അവനിപ്പോഴെത്തും.

കട്ടിലിൽ കിടന്ന ആ അമ്മ പതുക്കെ കണ്ണ് തുറന്നു, അവന്റെ മുഖത്തേക്ക് സ്നേഹപൂർവ്വം ഒന്ന്  നോക്കി. പാതി ബോധത്തിലാണെന്ന് തോന്നുന്നു.

പാതി മയക്കത്തിൽ നിന്നും ഉത്തമന്റെ അമ്മ പെട്ടെന്ന് ഞെട്ടി ഉണർന്നു. അവൻ ഇന്നിനി വരില്ലേ ?. വരും, വരും, തീർച്ചയായും ഇപ്പോഴെത്തും. ഞാനീ വെച്ചു വിളമ്പിയതെല്ലാം അവന് വേണ്ടിയാണ്, എന്റെ മോന് വേണ്ടി.

അപ്പോഴാണവൻ ബാഗിലിരിക്കുന്ന പൊതിചോറിന്റെ കാര്യം ഓർത്തത്. തന്നെ പോലെ ഈ അമ്മയും എത്രയോ നേരമായി ഒന്നും കഴിച്ചിട്ടുണ്ടാവില്ല.

മോനെത്താൻ സമയമായി. അമ്മ ഒരു തവി ചോറെടുത്ത് പതുക്കെ ഇലയിലേക്ക് വിളമ്പി. ആദ്യത്തെ ഉരുള അവൻ തനിക്കു തന്നെ തരും, അതൊരു പതിവാണ്.

ആ അമ്മയുടെ പതുക്കെ തുറന്ന വായിലേക്ക് രണ്ടാമത്തെ ഉരുളയും കൊടുക്കുമ്പോൾ അവരുടെ കണ്ണുകൾ ഈറനാകുന്നത് കണ്ടു. അപ്പോൾ മണിക്കൂറുകൾക്കു ശേഷം ആദ്യമായി അവൻ തന്റെ അമ്മയെ ഓർത്തു. പാവം ഇപ്പോൾ ഉറങ്ങിയിട്ടുണ്ടാകും.

വിളമ്പിയ ചോറിലേക്ക് പരിപ്പ് വിളമ്പി, അമ്മ ഇലയിലേക്ക് നോക്കി. ഇനി അവൻ വന്നാൽ മാത്രം മതി. അമ്മയുടെ കണ്ണുകളിൽനിന്നും ഒരിറ്റു ജലം, ഇലയുടെ അറ്റത്തിരുന്ന ഉപ്പിലേക്ക് വീണു.

ചെറിയ മയക്കത്തിൽ, അവർ പതുക്കെ പിറുപിറുത്തു 'അവനിപ്പോഴെത്തും'. ■

GREATER BANK
www.greaterbank.com
The Greater Bombay Co-operative Bank Limited (Scheduled Bank)
60 YEARS OF TRUST AND BONDING

DOMBIVALI BRANCH

**GOLD LOAN**

@ 10.50%* p.a. Disbursement in an hour

Add: Manas Solitaire CHS, Shop No. 3, 4, 5 & 6, Rajaji Path X Lane No. 4, Ram Nagar, Dombivli (East) 421201. (Landmark Near Guruvayurappan Temple)
Contact No. 2430213, 8689933233, 9819579865.
*conditions apply

LIC
भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA

*Best Compliments From*

**T. N. VIJAYAN ELAYATH**
Advisor-Insurance & Investments
Chirag CHS Ltd., Flat # 201, Gandhi Nagar, Dombivli (E), Dist. Thane-421 204
Tel.: 0251-2473631
Mobile: 98694 82185 / 82185



Congratulations!!

**Ms Arya Rajesh Nair,**
S/o of our Member Mr. Rajesh Kumar Menon won First prize Dodge Ball organized by Rotary Club and Second prize in Basket Ball competition conducted by Aavhan 2017, IIT, Bombay.

# ഉദ്യാന പാലകൻ ഗീതം 8

**ടാഗോർ (ആശയാനുവാദം)**



**ജി. വിശ്വനാഥൻ**



വെട്ടമെത്തിയേയുള്ളൂ
പുലർകാല പക്ഷികൾക്കൊപ്പ
മിന്നുണരുന്ന ഞാൻ,
മഞ്ഞുവീണ പ്രഭാത വഴികളിൽ
കണ്ണുനട്ട് ജനാലയ്ക്കൽ....
പാതയിൽ എങ്ങു നിന്നുനീയെത്തി?
ഇതെന്തൊരു വർണ്ണം!
ഊർജ്ജ പ്രസരണം, മായികം!

എൻറെ വാതിൽക്കൽ നിന്നുവോ?
ചുണ്ടുകൾ മെല്ലെയിങ്ങനെയാരാഞ്ഞുവോ?
'എങ്ങ്? എങ്ങവളെന്റെ.....?"
ഞാൻ വിറകൊള്ളവേ
എന്നിൽ തന്നെയൊടുങ്ങീ മറുപടി,
'ഞാനവൾ...അതേ... ഞാൻ തന്നെ
യാത്രികാ....".

എത്തി സായന്തനം
റാന്തൽ കത്തിയിട്ടില്ല
മൂകമീപ്പാതയിൽ
നിന്റെ തേരണയുന്നൂ
കുതിരകൾ ക്ഷീണിതരായ് കിതയ്ക്കുന്നു
കണ്ണുകൾ എന്തിനിങ്ങനുഴറുന്നു
വാക്കുകൾ നിന്നിൽ നിന്നു
ചിതറിയോയിങ്ങനെ,
'എങ്ങവൾ? എന്റെ...."
ഒന്നുമേ ചൊല്ലുവാൻ ആയതില്ല, 'ഞാൻ
ഞാനാണവൾ നിന്റെ....'
തൊണ്ടയിൽ വീണൊടുങ്ങുന്നു
വാക്കുകൾ....

രാവുകൾ വന്നു പോയീ
